# റഹ്മാനിയ

## ഹയർ സെക്കണ്ടറി സ്കൂൾ, ആയഞ്ചേരി
## വിമുക്തി ക്ലബ്ബ്



# തിരുത്ത്

## ഡിജിറ്റൽ മാഗസിൻ

# തിരുത്ത്

ഡിജിറ്റൽ മാഗസിൻ
മാർച്ച് 2025

Rahmaniya Higher Secondary School Ayancheri
Ph: 04962591513, Email : pkkoorachund@gmail.com
Mobile : +91 9020707075

## ഉള്ളടക്കം


- സന്ദേശം
- വിമുക്തി കേഡറ്റുകൾ
- സ്കൂൾ പരിചയം
- വിമുക്തി പദ്ധതി
- ഈ പോക്ക് എങ്ങോട്ട്
- യുവാക്കളെ 'വയലന്റാക്കി' ലഹരിയും വയലൻസ് സിനിമകളും
- മാറണം മാറിയേ തീരൂ
- പി.ടി.എ. ഭാരവാഹികൾ
- കാർട്ടൂൺ
- കവിത
- വിമുക്തി ക്ലബ് പ്രവർത്തനങ്ങൾ
- ചിത്രങ്ങൾ
- പത്ര വാർത്തകൾ


### മാഗസിൻ സമിതി

വി. ജ്യോതി ലക്ഷ്മി
പി.കെ അസീസ്
മുർഷിദ എ
ഇല്ല്യാസ് മാങ്ങോട്
സാരംഗ് എസ്
ഗൗതം കൃഷ്ണ ജി.എസ്
വിധുദേവ് പി.

## മുഖമൊഴി

അനുനിമിഷം വളരുന്ന സൈബർ ലോകത്തിന്റെ, പുതിയ കാലത്തിന്റെ മഹാദുരന്തമാണ് ഇന്ന് പല പേരിലുള്ള നവീന ലഹരികൾ. വിദ്യാർത്ഥികളും യുവാക്കളുമാണ് അതിന്റെ പ്രിയപ്പെട്ട ഇരകൾ! ലഹരിയുടെ ഉപയോഗവും വിതരണവും വ്യാപകമാവുകയും ഓൺലൈൻ തട്ടിപ്പുകൾ വർദ്ധിക്കുകയും ചെയ്യുന്ന തികച്ചും അപകടകരമായ സാഹചര്യത്തിൽ പല തരം ലഹരികളിൽ അഭയം തേടാതെ സ്വയം വിട്ടുനിൽക്കുക, സമൂഹത്തിൽ സമ്പൂർണ്ണ ലഹരി നിർമാർജനത്തിന്റെ പ്രാധാന്യമുള്ള പ്രചാരകരാവുക എന്നീ അടിസ്ഥാന ലക്ഷ്യങ്ങളിലൂന്നി ആരംഭിച്ച കേരളത്തിലെ യൂണിഫോംധാരികളായ വിമുക്തി കേഡറ്റുകളുള്ള അപൂർവ്വവിദ്യാലയമാണ് വടകര വിദ്യാഭ്യാസജില്ലയിലെ ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കണ്ടറി സ്കൂൾ. സംസ്ഥാനത്തെ ഏതൊരു വിദ്യാലയത്തിനും മാതൃകയാക്കാവുന്ന വിപുലമായ പരിപാടികളുടെ വിസ്മയ ചരിത്രമാണ് ചുരുങ്ങിയ കാലം കൊണ്ട് ഈ വിദ്യാലയത്തിലെ വിമുക്തി കേഡറ്റുകൾ, സ്കൂൾ മുതൽ വീട് വരെ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ആവിഷ്കരിച്ച് നടപ്പാക്കിയത്. അത്തരം ചില വർണ്ണചിത്രലിഖിതങ്ങൾ കോർത്തിണക്കിയതാണ് 'തിരുത്ത് ' എന്ന് നാമകരണം ചെയ്ത ഈ ഡിജിറ്റൽ മാഗസിൻ. ഇതും മറ്റുള്ളവർക്ക് പ്രചോദനവും പുതിയ പ്രതീക്ഷയും നൽകും എന്ന് പ്രത്യാശിക്കുന്നു .



പി.കെ അസീസ്
കൺവീനർ
വിമുക്തി ക്ലബ്ബ്

Layout & Cover : Vimaljith Diginet Perambra : 9995409651
image courtesy - Google, Private circulation only.

കേരള സർക്കാർ

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

നം. സിഎംസിസി-1/66/2025-സിഎംസിസി 30/04/2025

പ്രിയപ്പെട്ട ശ്രീ. പി.കെ. അസീസ്,

താങ്കളുടെ 21.04.2025-ലെ കത്ത് മുഖേന ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ വിമുക്തി ക്ലബിന്റെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് അറിയുവാൻ കഴിഞ്ഞു. മൂല്യബോധമുള്ള പൗരന്മാരായി വളരുവാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്ന ഈ പ്രവർത്തനത്തിന് നേതൃത്വം നൽകിയതിന് താങ്കൾക്കും, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും, അഭിനന്ദനങ്ങൾ അർപ്പിക്കുന്നു.

ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് എന്റെ ആശംസകൾ.

സ്നേഹപൂർവ്വം,

(പിണറായി വിജയൻ)

ശ്രീ. പി.കെ. അസീസ്
കൺവീനർ, വിമുക്തി ക്ലബ്ബ്
റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ
ആയഞ്ചേരി, കോഴിക്കോട് – 673 541

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോൺ 0471 2333241, 2333812, 2333610 ഫാക്സ് 0471 2333489 chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോൺ 0471 2318406, 2314853
www.keralacm.gov.in

**Mahipal Yadav IPS**
ADGP & Excise Commissioner

Commissionerate of Excise
Excise Headquarters
Nandavanam
Thiruvananthapuram - 695033
Office- 0471-2332632
Fax- 0471-2332073
Mobile: 9496753000
Email: eckerala.exc@kerala.gov.in

## സന്ദേശം

എക്സൈസ് വകുപ്പും വിമുക്തി മിഷനും നടത്തിവരുന്ന ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഭൂരിഭാഗവും യുവജനങ്ങളെയും കുട്ടികളെയും കേന്ദ്രീകരിച്ചാണ്. പുതുതലമുറയെ ലഹരി ഉപഭോഗത്തിൽ നിന്നും പൂർണ്ണമായി മുക്തമാക്കുക എന്നതാണ് ലക്ഷ്യം. ലഹരിരഹിതമായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള ആദ്യ പടവ് വിദ്യാലയങ്ങൾ തന്നെയാണ്. ശരിയായ കാര്യങ്ങൾ പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് വഴി ലഹരി ഉൾപ്പെടെയുള്ള തെറ്റായ പ്രവണതകൾ കുട്ടികളിലേക്ക് കടന്നു വരാതിരിക്കുന്നതിന് ചെറിയ പ്രായം മുതൽ തന്നെ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ ആരംഭിച്ചിട്ടുള്ളത്. സ്കൂളുകളിലേക്കും കുട്ടികളിലേക്കും ലഹരി വസ്തുക്കൾ കടന്നു വരാതെ ശക്തമായ പ്രതിരോധം തീർക്കുന്നതിനും ലഹരിക്കെതിരെ ഒരു പൊതു അവബോധം സൃഷ്ടിക്കുന്നതിനും ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്ക് സാധിക്കണം. കോഴിക്കോട്, ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കണ്ടറി സ്കൂളിലെ ലഹരി വിരുദ്ധ ക്ലബ്ബ് ഇത്തരത്തിൽ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടത്തുന്നു എന്നതിൽ സന്തോഷം അറിയിക്കുന്നു. ക്ലബ്ബിന്റെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി 2024 നവംബർ 29 വെള്ളിയാഴ്ച **"മൻസ്വഖി നശാ"** എന്ന പേരിൽ സംഘടിപ്പിക്കുന്ന ലഹരി വിമുക്ത പ്രതിജ്ഞ ചടങ്ങിന് എല്ലാവിധ ആശംസകളും നേരുന്നതോടൊപ്പം, ഇത്തരത്തിൽ ഒരു ലഹരിമുക്ത പുതുതലമുറയെ സൃഷ്ടിച്ചെടുക്കുന്നതിന് നടത്തി വരുന്ന എല്ലാവിധ പ്രവർത്തനങ്ങൾക്കും, പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നവർക്കും അതിന് നേതൃത്വം നൽകുന്നവർക്കും വിമുക്തി മിഷന്റെയും എക്സൈസ് വകുപ്പിന്റെയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

സ്നേഹപൂർവ്വം

26/11/2024

മഹിപാൽ യാദവ്. ഐ.പി.എസ്
എ.ഡി.ജി.പി & എക്സൈസ് കമ്മീഷണർ



## സന്ദേശം

## *ലഹരിവസ്തുക്കൾക്കെതിരെ കൈകോർക്കുക*

നമ്മുടെ ബാല്യവും കൗമാരവും യൗവനവും എല്ലാം തന്നെ ലഹരിവസ്തുക്കൾക്ക് അടിമപ്പെടുന്ന ഭീതിതമായ ഒരു സാഹചര്യത്തിലാണ് നാം ഇപ്പോൾ ജീവിക്കുന്നത്. ഒരുകാലത്ത് വിദൂരങ്ങളായ നഗരങ്ങളിൽ മാത്രം ലഭ്യമായിരുന്ന മാരകമായ ലഹരി വസ്തുക്കൾ നമ്മുടെ കൊച്ചു ഗ്രാമങ്ങളിൽ പോലും എത്തിച്ചേരുന്ന അവസ്ഥ ഇന്ന് സംജാതമായിരിക്കുകയാണ്. ഈ അവസ്ഥ നമ്മെ എല്ലാവരെയും ഉത്കണ്ഠപ്പെടുത്തുന്നതാണ്. ലഹരി വസ്തുക്കളുടെ പിടിയിൽ നിന്നും നമ്മുടെ നാടിനെ മോചിപ്പിക്കേണ്ട പ്രക്രിയയിൽ പങ്കാളികളാവേണ്ടത് നാമോരോരുത്തരുടെയും കടമയാണ്. എന്തുകൊണ്ട് യുവാക്കളും കുട്ടികളും ലഹരിവസ്തുക്കൾ തേടിപ്പോകുന്നു എന്നുള്ളത് ഈ അവസരത്തിൽ വളരെ പ്രസക്തമാണെന്ന് കരുതുന്നു. ലഹരി എന്ന പദം വളരെ ശ്രദ്ധയോടെ പ്രയോഗിക്കേണ്ട ഒരു പദമാണെന്നും കാണുന്നു. യഥാർത്ഥത്തിൽ ലഹരി മനുഷ്യന്റെ സംതൃപ്തമായ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണെന്നുള്ളതാണ് വാസ്തവം. കളികളിലൂടെയും സർഗാത്മക പ്രവർത്തികളിലൂടെയുമാണ് ആരോഗ്യപരമായ ലഹരി മനുഷ്യന് ലഭിക്കുന്നത്. അതുകൊണ്ടാണ് ഫുട്ബോളും വോളിബോളും ക്രിക്കറ്റും സംഗീതവും നൃത്തവും ചിത്രകലയും നാടകവും സിനിമയും എല്ലാം ഓരോരുത്തർക്കും ലഹരിയായി മാറുന്നത്.ഇത്തരത്തിലുള്ള ക്രിയാത്മകമായ ലഹരികളുടെ അഭാവം നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചു വരുന്നതുകൊണ്ടാണ് ലഹരി വസ്തുക്കൾ വഴിയുള്ള ലഹരികളിലേക്ക് പുതുതലമുറ നീങ്ങുന്നത്. ഈ യാഥാർത്ഥ്യം പലപ്പോഴും അംഗീകരിക്കാൻ നമുക്ക് സാധിക്കുന്നില്ല. ആധുനിക ശാസ്ത്ര സാങ്കേതിക ഉപകരണങ്ങളും വാർത്താവിനിമയ സംവിധാനങ്ങളും നമ്മുടെ ജീവിതത്തിൽ വരുത്തി കൊണ്ടിരിക്കുന്ന മാറ്റങ്ങൾ നൈസർഗികമായ സന്തോഷങ്ങളും സൗഹൃദങ്ങളും നമുക്ക് നഷ്ടപ്പെടുത്തി കൊണ്ടിരിക്കുന്നുവെന്നത് എടുത്തു പറയേണ്ടതാണ്. ഇതിൽ പ്രധാനമാണ് മൊബൈൽ ഫോണിന്റെ അമിതമായ ഉപയോഗം.മൊബൈൽ ഫോണിലെ വാട്സ്ആപ്പ് ചാറ്റുകൾക്കും സൗഹൃദങ്ങൾക്കും പ്രാധാന്യം നൽകുന്ന മാതാപിതാക്കൾക്ക് സ്വന്തം മക്കൾക്ക് വാൽസല്യവും സ്നേഹവും നൽകാൻ സാധിക്കുന്നില്ല. മക്കളോടും കുടുംബത്തോടുമൊത്ത് സമയം ചെലവഴിക്കാൻ അവർക്ക് സാധിക്കുന്നില്ല .

റഹ്മാനിയ ഹയർ സെക്കന്ററി സ്കൂൾ ആയഞ്ചേരി, വിദ്യാർത്ഥികളുടെ ഇടയിലും സമൂഹത്തിലും ലഹരിവസ്തുക്കൾക്കെതിരെ നടത്തിവരുന്ന വേറിട്ട പ്രവർത്തനങ്ങൾ സമൂഹത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റുന്നതും ശ്ലാഘനീയവും മാതൃകാപരവുമാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്ന ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

സുഗുണൻ.എം
ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ
കോഴിക്കോട്



പ്രിയ കുട്ടികളെ...

ലഹരി മാഫിയ വിദ്യാർത്ഥികളെയാണ് ലക്ഷ്യമിടുന്നത് എന്ന തിരിച്ചറിവിന്റെ ഭാഗമായി ജീവിതമാണ് ലഹരി എന്ന ആശയത്തിൽ ഊന്നിക്കൊണ്ട് വിവിധ പദ്ധതികൾ ആണ് വിമുക്തി മിഷന്റെ നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ ആവിഷ്കരിക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഓരോ വിദ്യാലയത്തിലെയും വിമുക്തി ക്ലബ്ബ് രൂപീകരണം.

ഒരു അധ്യയന വർഷം മുഴുവൻ ആകർഷകവും വൈവിധ്യം നിറഞ്ഞതുമായ നിരവധി പരിപാടികൾ കോർത്തിണക്കി എന്നുള്ളതാണ് ആയഞ്ചേരി റഹ്മാനിയ ഹയർസെക്കൻഡറി സ്കൂളിലെ വിമുക്തി ക്ലബ്ബിന്റെ പ്രത്യേകത.

വിമുക്തി ക്ലബ്ബ് അംഗങ്ങൾക്ക് പ്രത്യേക യൂണിഫോം,

ക്ലബ് അംഗങ്ങളുടെ വിഷരഹിത പച്ചക്കറി കൃഷി, ക്ലബ് അംഗങ്ങളുടെ മാലിന്യ നിർമാർജന പ്രവർത്തനങ്ങൾ, രക്ഷിതാക്കൾക്കായുള്ള വീട്ടുമുറ്റം ബോധവൽക്കരണ പരിപാടി , മൻസൂഖി നാശ ബോധവൽക്കരണ ക്ലാസുകൾ , വിടരും മുമ്പേ വാടാതിരിക്കാൻ എന്ന പ്രത്യേക വെക്കേഷൻ ക്യാമ്പ് , ഗ്രാമത്തെ അറിയുന്നതിനായുള്ള ഗ്രാമ സഞ്ചാരം എന്നതൊക്കെ എടുത്തു പറയേണ്ടതും മറ്റ് വിമുക്തി ക്ലബ്ബുകൾക്ക് മാതൃകയാക്കാവുന്നതുമായ പരിപാടികൾ തന്നെയാണ്. കൂടാതെ ലഹരിക്കെതിരെ ക്ലാസുകൾ, ലഹരിക്കെതിരെ പാർലമെന്റ്, വിവിധ നേട്ടങ്ങൾ കൊയ്ത വ്യക്തിത്വങ്ങളെ ആദരിക്കുക എന്നീ പ്രവർത്തനങ്ങൾ വഴി മറ്റു വിദ്യാർത്ഥികളെകൂടി വിമുക്തി ക്ലബ്ബിലേക്ക് പങ്കാളികളാക്കാൻ കഴിഞ്ഞു എന്നതും ഈ വിമുക്തി ക്ലബ്ബിന്റെ വിജയം തന്നെയാണ്.

ക്ലബ്ബ് പ്രവർത്തനങ്ങൾക്ക് അസീസ് മാസ്റ്ററുടെ നേതൃത്വപാടവവും വിദ്യാർത്ഥികളുടെ കർമ്മ നൈപുണ്യവും ക്ലബ്ബിനെ സംസ്ഥാനതലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ട വിമുക്തി ക്ലബ്ബായി മാറ്റിയിട്ടുണ്ട് എന്നതിൽ അഭിമാനിക്കുന്നു. ഈ വിദ്യാലയത്തിന്റെ വിമുക്തി ക്ലബ്ബ് ചുമതലയുള്ള ഞാനും ആ സന്തോഷത്തിൽ പങ്കുചേരട്ടെ.

അർപ്പണവും കർമ്മശേഷിയും തീവ്രത്യാഗവുമാണ് ഓരോ പ്രസ്ഥാനത്തിനും ഇരുട്ടിൽ വെളിച്ചമാവുന്നത്.

ഇരുളലമൂടിയ വഴികളിലെല്ലാം
താരക നിരയായി നിന്നീടാൻ.....
വഴികാട്ടീടാൻ .....വെളിച്ചമാവാൻ.....

ഓരോ വിമുക്തി ക്ലബ് അംഗങ്ങൾക്കും കഴിയട്ടെ. ഈ ഡിജിറ്റൽ മാഗസിന് എന്റെയും എന്റെ എക്സൈസ് കുടുംബത്തിന്റെയും ആശംസകൾ നേരുന്നു.

സ്നേഹത്തോടെ,


**ജയപ്രസാദ്. സികെ**
അസി: എക്സൈസ് ഇൻസ്പക്ടർ
വിമുക്തി മിഷൻചുമതല വടകര
എക്സൈസ് റെയിഞ്ച് ഓഫീസ്



## സന്ദേശം

ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കൻ ണ്ടറി സ്കൂൾ വിമുക്തി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം സ്കൂളിൽ നടത്തിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറഞ്ഞതിൽ അതിയായ സന്തോഷം.ലഹരിയുടെ ഉപയോഗം ഒരു സാമൂഹിക വിപത്തായി മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പ്രതിരോധിക്കേണ്ട മാർഗ്ഗങ്ങൾക്ക് തുടക്കം കുറിക്കേണ്ടത് വിദ്യാലയങ്ങളിൽ നിന്നാണ്. റഹ്മാനിയ സ്കൂളിൽ നടന്ന വിമുക്തി പരിപാടികളും അനുബന്ധമായി ഒരുക്കിയ ഡിജിറ്റൽ മാഗസിനും ലഹരിക്കെതിരായുള്ള പോരാട്ടം ശക്തിപ്പെടുത്താൻ ഉതകുമാറാകട്ടെ - കാലോചിതമായ ഈ സംരഭത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.

രേഷ്മ എം
ഡി.ഇ. ഒ വടകര



## സന്ദേശം

സമകാലീന സമൂഹത്തിൽ സ്കൂളുകളിൽ വളരെ പ്രസക്തവും അനിവാര്യവുമായ ക്ലബ്ബാണ് വിമുക്തി ക്ലബ്ബ്. ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കണ്ടറി സ്കൂളിനെ സംബന്ധിച്ചിടത്തോളം വളരെ സജീവവും ഉപയോഗപ്രദവുമാണ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ. ലഹരിക്കെതിരെ പോരാടുന്ന ഒരു ശക്തമായ സേനയായി ക്ലബ്ബ് വളർന്നു കൊണ്ടിരിക്കുന്നു. മാഗസിൻ എന്ന ഈ ഉദ്യമവും പ്രശംസനീയമാണ്.

ഇതിന് പിന്നിൽ പ്രവർത്തിക്കുന്ന വിമുക്തി ക്ലബ്ബിനും ,ക്ലബ്ബിലെ അംഗങ്ങൾക്കും, ക്ലബ്ബ് കോർഡിനേറ്റർ അസീസ് മാസ്റ്റർക്കും അണിയറയിൽ പ്രവർത്തിക്കുന്ന ഓരോരുത്തർക്കും ഹൃദയം നിറഞ്ഞ സ്നേഹാശംസകൾ.

മാനേജർ
മൊയ്തു തറമ്മൽ

## സന്ദേശം

പ്രിയപ്പെട്ടവരെ,

മറ്റൊരിക്കലും ഇല്ലാത്ത വിധം സമൂഹത്തിൽ ലഹരി ഉപയോഗവും വിപണനവും വ്യാപകമായിക്കൊണ്ടിരിക്കുന്നു എന്നത് ഏറെ ഭയപ്പാടോടെയാണ് നാം കാണുന്നത്. ലഹരി മനുഷ്യന്റെ വിവേകവും ആരോഗ്യവും ഒരേ പോലെ നശിപ്പിക്കുന്നു.അവരിൽ അക്രമസ്വഭാവവും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും വർധിക്കുന്ന നിരവധി ഉദാഹരണങ്ങൾ ദിനേന എന്നോണം ചുറ്റും നടക്കുന്നു.ലഹരിക്ക് അടിമപ്പെട്ടവരുടെ പുനരധിവാസവും ഏറെ പ്രാധാന്യം അർഹിക്കുന്ന പ്രവർത്തനമാണ്.

ഈ ഒരു സാമൂഹ്യ സാഹചര്യത്തിൽ വിദ്യാർത്ഥി സമൂഹം ലഹരിമുക്തരാവുന്നതിനും ലഹരിക്കെതിരെയുള്ള മുന്നണിപ്പോരാളികളാ വുന്നതിനും ഏറെ പ്രസക്തിയുണ്ട്.

റഹ്മാനിയ ഹയർസെക്കൻഡറി സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിഭിന്നവും ആകർഷണീയമായ നിരവധി ചുവടുവെപ്പുകളാണ് ഈ മേഖലയിൽ നടത്തി വരുന്നത്. കേരളത്തിലെ ആദ്യത്തെ യൂണിഫോമിലുള്ള ലഹരിവിരുദ്ധ സേനയായ നമ്മുടെ ടീം സ്കൂളുകളിലും പുറത്തും നടത്തുന്ന പ്രവർത്തനങ്ങൾക്ക് സംസ്ഥാന തലത്തിൽ വരെ മികച്ച അംഗീകാരം ലഭിച്ചു വരികയാണ്.

ലഹരി വിരുദ്ധ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ വിധ ഭാവുകങ്ങളും നേരുന്നതോടൊപ്പം ഈ വർഷത്തെ പ്രവർത്തനങ്ങളെ ആധാരമാക്കി പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

കമറുദ്ദീൻ.കെ.പി.
പ്രിൻസിപ്പാൾ



## സന്ദേശം

ആയഞ്ചേരി റഹ് മാനിയ  ഹയർ സെക്കണ്ടറി സ്കൂൾ വിമുക്തി ക്ലബ്ബ് എന്തുകൊണ്ടും വ്യത്യസ്തമായ ഒരു ക്ലബ്ബാണ്. കാക്കി യൂണിഫോമുള്ള അംഗങ്ങൾ ഉൾക്കൊള്ളുന്ന കേരളത്തിലെ ആദ്യ ലഹരിവിരുദ്ധ ക്ലബ്ബാണ് റഹ് മാനിയിലേതെന്ന് ഞാൻ കരുതുന്നു. വ്യത്യസ്ഥമായ പരിപാടികളിൽ കൂടി ലഹരിക്കെതിരെ പോരാടിക്കൊണ്ടിരിക്കുന്ന ഒരു ഗ്രൂപ്പാണ് ഇത്. ഇപ്പോൾ വ്യത്യസ്ഥമായ ഒരു പരിപാടിയുമായി മുന്നോട്ട് വന്നിരിക്കുകയാണ്. ഈ വർഷം സ്കൂളിൽ നടത്തിയ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കുട്ടികളിലേക്കും സമൂഹത്തിലേക്കും എത്തിക്കുന്നതിനും പുതിയ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുകയാണ്.

ആഗോള തലത്തിലും വിശിഷ്യാ നമ്മുടെ കൊച്ചു കേരളത്തിലും നമ്മുടെ പ്രദേശങ്ങളിലും വ്യാപിച്ചുകൊണ്ടിരിക്കുന്ന മയക്കുമരുന്ന്, മദ്യം മുതലായ തിന്മകൾക്കെതിരെ സ്കൂൾകുട്ടികളെ അണി നിരത്തിക്കൊണ്ട് പ്രതിരോധമൊരുക്കുന്നതിന് നമ്മുടെ വിമുക്തി ക്ലബ്ബ് ശക്തമായി മുന്നോട്ട് വന്നിരിക്കുകയാണ്. ലഹരിക്കെതിരെ പ്രതിരോധം തീർക്കുന്നതിന് മുന്നിട്ടിറങ്ങിയിരിക്കുന്ന റഹ്മാനിയ എച്ച്.എസിലെ വിമുക്തി ക്ലബ്ബ് ഭടന്മാർക്കും ക്ലബ്ബിന്റെ കോർഡിനേറ്റർ അബ്ദുൽ അസീസ് സാറിനും ക്ലബ്ബ് ആവിഷ്കരിച്ച് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിനും എല്ലാവിധ ആശംസകളും അറിയിക്കുന്നു.

സ്നേഹത്തോടെ,
കുഞ്ഞമ്മദ് വടക്കയിൽ
ഹെഡ് മാസ്റ്റർ





<u>സന്ദേശം</u>

ജീവിതമാണ് ലഹരി എന്ന മുദ്രാവാക്യവുമായി 2016 ൽ കേരളസർക്കാർ ലഹരിക്കെതിരെ യുവ തലമുറയെസന്നദ്ധരാക്കാൻ ആവിഷ്കരിച്ച ഒരു പദ്ധതിയാണ് വിമുക്തി.....

ആയഞ്ചേരി റഹ് മാനിയ ഹയർസെക്കൻഡറി സ്കൂൾ വിമുക്തി ക്ലബ്ബിന്റെ ഡിജിറ്റൽ മാഗസിൻ ഉൽഘാടനം ചെയ്യുമ്പോൾ ഏറെ സന്തോഷവും അഭിമാനവും തോന്നുകയാണ്. സാധാരണ നിലയിൽ സ്കൂളുകളിൽ വിമുക്തി ദിനം ഒക്ടോബർ 26ന് ഒരു വിമുക്തി ദിനാചരണമായി നടത്തിവരാറാണ് പതിവ്. എന്നാൽ അതിൽ നിന്നൊക്കെ വ്യത്യസ്തമായി കേരളത്തിൽ ആദ്യമായി 30 വിമുക്തി കേഡറ്റുകൾക്ക് യൂണിഫോം വിതരണം ചെയ്ത് റഹ്മാനിയ മാതൃക ആവുകയാണ്....കൃത്യമായ പ്രവർത്തനങ്ങളിലൂടെ ക്യാമ്പസിലേക്ക് ലഹരിയെ അടുപ്പിക്കാതിരിക്കാൻ റഹ്മാനിയ യിലെ വിമുക്തി കേഡറ്റുകൾ സദാ സജ്ജരാണ്.

അസീസ് മാസ്റ്റർ എന്ന അധ്യാപകന്റെ ദീർഘവീക്ഷണവും സംഘാടകമികവും റഹ്മാനിയയിലെവിമുക്തി ക്ലബ്ബിനെ അടിമുടി മാറ്റി.... യൂണിഫോമിട്ട വിമുക്തി ഭടന്മാർ നമ്മുടെ സ്കൂളിനും നമ്മുടെ നാട്ടിനും അഭിമാനമാണ്... ഉദ്യോഗസ്ഥതലങ്ങളിൽ നിന്ന് പ്രശസ്തിപത്രവും അംഗീകാരങ്ങളും നമ്മുടെ ഈ വിമുക്തി ക്ലബ്ബിന് കിട്ടിക്കൊണ്ടിരിക്കുകയാണ്...

എക്സൈസ് വകുപ്പ് നമ്മുടെ പ്രവർത്തനങ്ങളെ കൃത്യമായി നോക്കി കാണുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു...നിരന്തരമായുള്ള ബോധവത്കരണ പരിപാടികൾ അധ്യാപകർക്കുമുമ്പിൽ ലഹരിവിരുദ്ധ പ്രതിജ്ഞ ഇതൊക്കെ വിദ്യാർത്ഥികളെ ജീവിതമാണ് ലഹരി എന്ന മുദ്രാവാക്യത്തോട് ചേർന്ന് നിൽക്കാൻ പ്രേരിപ്പിക്കുന്നു

എസ് പി സി പോലെ സർക്കാർ ആനുകൂല്യങ്ങൾ വിമുക്തിക്കും നൽകി സർക്കാർ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ വിമുക്തി ക്ലബ് നമ്മുടെ യുവ തലമുറയെ ലഹരിയിൽ നിന്ന് കാത്തുകൊള്ളും എന്നതിൽ സംശയമില്ല. കേരളത്തിലെ എല്ലാ സ്കൂളുകളിലും യൂണിഫോം ധരിച്ച വിമുക്തി കേഡറ്റുകളെ ഉണ്ടാക്കി എല്ലാ ക്യാമ്പസുകളും ലഹരി വിമുക്ത ക്യാമ്പസുകൾ ആക്കി മാറ്റാൻ സർക്കാർ മുൻകൈ എടുക്കണം.

മുനീർ രാമത്ത്
പിടിഎ പ്രസിഡണ്ട് RHSS

# വിമുക്തി കേഡറ്റുകൾ


SARANG S


MUHAMMAD SHANIL V


MUHAMMAD FANNAN


MUHAMMAD RIHAN


RIDHAL ASHOK


SURYA THEJ


VIDHUDEV P


KARTHIK RAJ


GOUTHAM KRISHNA G S


DEVAK DARSH G K


MUHAMMAD SAHAL


MUHAMMAD SHAFIN F


MUHAMMAD RIFAN


SHAHEER T M


AFSAH P


MUHAMMAD LEHAN M V


AHINDEV AT


ANON DEV R S


ABHINAAV C H


DEVADARSH C


NAYAN THEJ M M


RITHU RATHEESH C M


THEJIL KRSHNA S S


MUHAMMAD K


ADHIDEV S V


MUHAMMAD SINAN M


MUHAMMAD NEZIL C K

# വിമുക്തി കേഡറ്റ് പദ്ധതി

| | | |
|---|---|---|
| പ്രോജക്റ്റ് പേര് | : | വിമുക്തി സേന |
| ആരംഭ വർഷം | : | 2024-2025 |
| ക്ലാസ്സ് | : | എട്ടാം തരം |

ലക്ഷ്യം:

- ലഹരിക്കെതിരെ സ്വയം പ്രചാരകരും, സ്വയം വിട്ടുനിൽക്കുന്നവനും, ഫാമിലി, സമൂഹം, ലഹരി ഉപയോഗത്തിൽ നിന്ന് വിട്ടുനിൽക്കാനുള്ള പ്രചോദനം നൽകുന്നതിന് സമഗ്ര പരിശീലനം നൽകുക
- വ്യത്യസ്തമായ സേവന പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുക.
- വർദ്ധിച്ചുവരുന്ന ഓൺലൈൻ തട്ടിപ്പിന്റെ രീതികൾ പരിചയപ്പെടുത്തി, സമൂഹത്തിൽ ബോധവൽക്കരണം നടത്താൻ പ്രാപ്തരാക്കുക.
- പഠനത്തോടൊപ്പം, പാഠ്യേതര വിഷയങ്ങളിൽ സ്വയം പ്രാപ്തി നേടുന്നതിനുള്ള പരിശീലന നൽകുക
- ദുരന്ത നിവാരണ പരിശീലനം നൽകുക
- സാന്ത്വന സേവന പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുക
- പ്രകൃതി സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുക

| | | |
|---|---|---|
| അംഗങ്ങളുടെ എണ്ണം | : | 24 |
| യൂണിഫോം | : | പാന്റ്, ഷർട്ട്, തൊപ്പി, ബ്ലാക്ക് ഷൂ, |
| വിമുക്തിഎംബ്ലം | : | (3.5 ഇൻഞ്ച്) |
| യൂണിഫോം കളർ | : | ലൈറ്റ് കാക്കി |

മൂന്നുവർഷംകൊണ്ട് 90 കുട്ടികൾക്ക് വ്യത്യസ്ത മേഖലയിൽ പരിശീലനം നൽകി സമൂഹത്തിലേക്ക് ഇറക്കുന്നു

പരിശീലനം:

ആഴ്ചയിൽ ഒരു ദിവസം യൂണിഫോം
ആഴ്ചയിൽ ഒരു ദിവസം കൂടിക്കാഴ്ച
ആദ്യവർഷം 20 മണിക്കൂർ പരിശീലനം
പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്ററിംഗ്
ഡേ ക്യാമ്പ്, ഫീൽഡ് ട്രിപ്പ്
പരേഡ് ഉൾപ്പെടെയുള്ള പരിശീലനം
രക്ഷിതാക്കൾക്ക് പ്രത്യേക പരിശീലനം
ഓരോ വർഷവും മികവിന് അനുസരിച്ച് വ്യക്തിഗത ബാഡ്ജ് നൽകൽ

രണ്ടാം വർഷം

15 മണിക്കൂർ പരിശീലനം
Personality Development-3Hrs
Learning skill -3 Hrs
Life skil - 3 Hrs
Time Managment-3 Hrs
Two days ക്യാമ്പ്

മൂന്നാം വർഷം

നിയമ ബോധവൽക്കരണം
project work.
കേഡറ്റുകൾക്ക് അംഗീകാര പത്രം വിതരണം




# സ്കൂൾ പരിചയം

സ്വതന്ത്ര ഭാരതത്തിലെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനോടൊപ്പം കേന്ദ്രമന്ത്രിയാവാനും ലോകാദരണീയനാവാനും ഭാഗ്യം സിദ്ധിച്ച , വിശ്വപൗരൻ എന്ന് പേര്കേട്ട വി.കെ കൃഷ്ണമേനോന്റെ മഹിമയാർന്ന ചരിത്രം ഉറങ്ങുന്ന തറോപ്പൊയിലിൽ പ്രവർത്തിക്കുന്ന ആയഞ്ചേരി റഹ്മാനിയ ഹൈസ്കൂളിന് നാടിന്റെ സാംസ്ക്കാരിക ഭൂമികയിൽ മുദ്ര പതിപ്പിച്ച ഒരു ചരിത്രമുണ്ട്.

പരസ്പര സഹായവും സൗഹാർദ്ദപരമായ സമീപനവുമെല്ലാമുള്ളവരാണെങ്കിലും വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥയിലായിരുന്ന തറോപ്പൊയിലിലെ സാധാരണ ജനങ്ങൾ നാഴികകൾ താണ്ടിവേണമായിരുന്നു അന്ന് മറ്റ് വിദ്യാലയങ്ങളിലെത്താൻ. പിന്നോക്ക സമുദായങ്ങൾക്കും പ്രത്യേകിച്ച് സ്ത്രീകൾക്കും വിദ്യാഭ്യാസം ഒരു കിട്ടാക്കനിയായിരുന്നു.

1942 ൽ തറൊപ്പൊയിൽ ഒരു മുസ്ലിം ഗേൾസ് എൽ.പി സ്കൂൾ സ്ഥാപിക്കപ്പെട്ടു. പരേതനായ പൂതയിൽ കൃഷ്ണക്കുറുപ്പായിരുന്നു സ്കൂളിന്റെ മാനേജർ. ഇപ്പോൾ ആയഞ്ചേരി റഹ് മാനിയ ഹൈസ്കൂൾ നിലനിൽക്കുന്നതിനടുത്തുള്ള പുതുക്കുടി പറമ്പിലാണ് ഈ സ്കൂൾ പ്രവർ ത്തിച്ചിരുന്നത്. ജനാബ്. തറമൽ അബ്ദുറഹ്മാൻ സാഹിബ് , ജനാബ്. കീഴാറ്റിൽ അബ്ദുല്ല സാഹിബ് എന്നിവർ ഈ സംരംഭത്തിലെ പങ്കാളികൾ ആയിരുന്നു. ഇത് പിന്നീട് ആയഞ്ചേരി സൗത്ത് മാപ്പിള എൽ.പി സ്കൂൾ എന്നറിയപ്പെട്ടു. തിരുവള്ളൂർ സ്വദേശി ജനാബ്. കെ.കെ. മൊയ്തു മാസ്റ്ററായിരുന്നു ഹെഡ്മാസ്റ്റർ . കുറച്ച് കാലത്തിന് ശേഷം പൂതയിൽ കൃഷ്ണക്കുറുപ്പ് തന്റെ അവകാശം ജനാബ് കാര്യാട്ട് അബ്ദുറഹ്മാൻ സാഹിബിന് കൈമാറി.

1956 ൽ ഈ വിദ്യാലയം ആയഞ്ചേരി സൗത്ത് മാപ്പിള യു.പി സ്കൂളായി ഉയർത്തപ്പെട്ടു .

എം ദാമോദരൻ നമ്പ്യാരായിരുന്നു ഹെഡ്മാസ്റ്റ ർ. പിന്നീട് ആയഞ്ചേരി പഞ്ചായത്ത് മുൻപ്രസി ഡണ്ടും പ്രഗത്ഭനുമായിരുന്ന പി .എസ് വാര്യർ ഹെഡ്മാസ്റ്റർ ചുമതല വഹിച്ചു.

1959 ൽ പി.എസ്. വാര്യർ മേമുണ്ട ഹൈ സ്കൂളിലേക്ക് സ്ഥലം മാറിപോവുകയും എം ദാമോദരൻ നമ്പ്യാർ ഹെഡ്മാസ്റ്റർ ആവുകയും ചെയ്തു. തറമൽ അബ്ദുറഹ്മാൻ സാഹിബ് അവർ കളുടെ നിര്യാണത്തെതുടർന്ന് സ്കൂളിന്റെ മാനേജ്മെന്റ് മകൻ തറമൽ കുഞ്ഞമ്മദിന് ലഭിച്ചു.

1968 ൽ മർഹൂം ബഹു. സയ്യിദ് അബൂബ ക്കർ ബാഫഖി, ബഹു. ജനാബ് സി.എച്ച് മുഹ മ്മദ്കോയ സാഹിബിന്റെ പ്രത്യേക താൽപര്യ പ്രകാരം ഇത് റഹ്മാനിയ ഹൈസ്കൂളായി ഉയ ർത്തപ്പെട്ടു. പൊതുകാര്യ പ്രസക്തനും ആയഞ്ചേ രി പ്രദേശത്തിന്റെ വികസനത്തിൽ മുഖ്യ പങ്ക് വഹിക്കുകയും ചെയ്ത ജനാബ് കാര്യാട്ട് കുഞ്ഞ മ്മദ് ഹാജിയായിരുന്നു ഈ പ്രവർത്തനത്തിന് നേ തൃത്ത്വം നൽകിയത് . ദീർ ഘകാലം അദ്ദേഹം മാ നേജരായി പ്രവർത്തിക്കുകയും ചെയ്തു . ബഹു. തറമ്മൽ കുഞ്ഞമദിന്റെ നിര്യാണത്തെതുടർന്ന് സഹോദരൻ ബഹു തറമൽ മൊയ്തുവാണ് ഇപ്പോൾ സ്കൂളിന്റെ മാനേജർ. ടി. കുഞ്ഞബ്ദുല്ല മാസ്റ്ററും തുടർന്ന് പി.പി അബ്ദുറഹ്മാൻ മാസ്റ്ററും ദീർഘകാലം ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിച്ചു. വിവിധകാലയളവിൽ പ്രധാന അധ്യാപരായിരു ന്ന സി.കെ അബ്ദുല്ല മാസ്റ്റർ, പി.മൂസ്സ മാസ്റ്റർ, ടി.കുഞ്ഞമ്മദ് മാസ്റ്റർ വി.കെ അബ്ദുൽ ഖാദർ മാസ്റ്റർ, പൊയിൽ കുഞ്ഞമ്മദ് മാസ്റ്റർ,കെ. ബാ ലകൃഷ്ണൻ മാസ്റ്റർ, വി.പി ശ്രീധരൻ മാസ്റ്റർ,കെ രാജൻ മാസ്റ്റർ, ടി.കെ കുഞ്ഞബ്ദുല്ല മാസ്റ്റർ, ഒ.പി. ചന്ദ്രൻ മാസ്റ്റർ കെ.ടി പത്മനാഭൻ മാസ്റ്റർ, അസീസ് അക്കാളി ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ വടക്കയിൽ കുഞ്ഞമ്മദ് മാസ്റ്റർ എന്നിവർ ഈ വിദ്യാലയത്തിന്റെ വികസനത്തിന് സമഗ്ര സംഭാ വനകൾ നൽകിയിട്ടുണ്ട്.

വിവിധ കാലഘട്ടങ്ങളിലൂടെ സ്കൂളിൽ ഉണ്ടായ വളർച്ച ചെറുതല്ല. മികവാർന്ന പ്രവ ർത്തനങ്ങളിലൂടെ സ്കൂളിന്റെ പഠന- പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെട്ടു . വാഹന സൗകര്യം ഇല്ലായ്മ എന്ന പ്രശ്നം മാനേജ്മെന്റ് പരിഹരി ക്കുകയും നാല് സ്കൂൾ ബസ് സർവീസ് ആരംഭി ക്കുകയും ചെയ്തു. സ്കൂളിന്റെ ഭൗതിക സാഹ ചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ മാനേജ്മെന്റിന് ഏറെ ദൂരം മുന്നോട്ടു പോകാൻ സാധിച്ചു...

ഹൈസ്കൂൾ വിഭാഗം ഡിവിഷനുകൾ 32 എന്ന സംഖ്യയിലേക്ക് വളർന്നു...

സ്കൂളിന്റെ അക്കാദമിക് നിലവാരം ഉയ ർത്തുക എന്ന ലക്ഷ്യത്തോടെ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു.. അതിന്റെ ഭാഗമായാണ് 2015 ഇൽ SEPT ആരംഭിച്ചത് . 11 വർഷമായി എസ്എസ്എൽസിക്ക് 100% വിജയം എന്ന നേട്ടം ഇത്തരം പ്രവർത്തനങ്ങളുടെ ആകെ തുകയാണ്. എസ്എസ്എൽസി റിസൾട്ട് എ പ്ലസ് കാരുടെ എണ്ണം ഒന്നിൽ നിന്ന് 28 ലേക്ക് എത്തിയതിന് പിന്നിൽ കൂട്ടായ പരിശ്രമം തന്നെയാണ്. LSS, USS,NMMS പരിശിലനത്തിലൂടെ മികച്ച റിസ ൽട്ടിലാക്ക് എത്തി.

റഹ്മാനിയ ഹൈസ്കൂൾ 2014 ലാണ് ഹയർസെക്കൻഡറി ആയി അപ്ഗ്രേഡ് ചെയ്തത് . സുലേഖ കെ ആയിരുന്നു പ്രഥമ പ്രിൻസിപ്പാൾ. 2023ൽ കമറുദ്ദീൻ കെ പി പ്രിൻസിപ്പാൾ ആയി ചാർജ് എടുത്തു . ജില്ലയിലെ തന്നെ മികച്ച ഹയർ സെക്കണ്ടറി സ്ക്കൂളായി ഇത് മാറി . കമ്പ്യൂട്ടർ സയൻസ് ഹ്യൂമാനിറ്റീസ് എന്നീ രണ്ട് ബാച്ചുകൾ ആയിരുന്നു ആദ്യം ഉണ്ടായിരുന്നത് . പിന്നീട് 2021ൽ ഹ്യൂമാനിറ്റി ബാച്ച് കമ്പ്യൂട്ടർ സയൻസ് ആയി മാറി ബയോളജി സയൻസ് നിലവിൽ വരികയും ചെയ്തു . 2023ൽ കോമേഴ്സ് താ ൽക്കാലിക ബാച്ച് ആരംഭിക്കുകയും ചെയ്തു . വിവിധ ക്ലബ്ബുകൾ സജീവമായി പ്രവർത്തിച്ചുവരു ന്നു.STEPS, EVOKE എന്നീ പേരുകളിൽ വിവിധ മത്സര പരീക്ഷാധിഷ്ഠിത പരിശീലന പദ്ധതി തയ്യാ റാക്കി പ്രവർത്തിച്ചുവരുന്നു.

പ്രകൃതി സുന്ദരമായ തറോപ്പൊയിൽ പ്രദേ ശത്ത് , ഒരു ടൂറിസം കേന്ദ്രത്തിന്റെ സാധ്യതകളു മായി വളരുന്ന മാണിക്കോത്ത് താഴപ്പാലത്തിന്റെ ചാരെ ഒരു നാടിന്റെ സംസ്ക്കാരത്തിനും വികസ നത്തിനും മതമൈത്രിക്കും ചാലകശക്തിയായി റഹ്മാനിയ ഹയർ സെക്കണ്ടറി സ്ക്കൂൾ ഇന്ന് തലയെടുപ്പോടെ പ്രകാശം പരത്തുന്നു.

# പി.ടി.എ.ഭാരവാഹികൾ



മുനീർ.രാമത്ത്
PTA പ്രസിഡണ്ട്



അബ്ദുൾ നാസർ ടി.കെ.
PTA വൈസ്പ്രസിഡണ്ട്



ജസീറ.കെ.
MPTA പ്രസിഡണ്ട്



ഷിജു വാളാഞ്ഞി



ബിജീഷ്.വി.കെ.



അഷ്റഫ്.എൻ.



കെ.സി.മൊയ്തു



മുഹമ്മദ് ഇഖ്ബാൽ.സി.



റുമൈല.ടി.കെ.




ആയിഷ.കെ.



പ്രജില

---



സത്യൻ.ടി.സി.
SMC ചെയർമാൻ



സൻഷിദ ഇസ്മായിൽ
SMC വൈസ് ചെയർപേഴ്സൺ

# ഈ പോക്ക് എങ്ങോട്ട്...

സംസ്ഥാനത്ത് ലഹരിക്കൊലക ളുടെ എണ്ണം വർധിക്കുന്നു. ലഹരി ഉപയോഗത്തെ തുടർന്ന് മനോനില തെറ്റി ഈ കഴിഞ്ഞ മാസം മാത്രം ആറ് കൊലപാതക ങ്ങളാണ് സംസ്ഥാനത്ത് അരങ്ങേറിയത്.

പുതുവർഷ ആശംസ നേർന്നില്ലെന്ന് ആരോപിച്ച് 22 കാരനെ മുള്ളൂർക്കരയിൽ 24 തവണ കുത്തി വെ ട്ടിക്കൊലപ്പെടുത്താൻ ശ്രമി ച്ചതും ലഹ രിയുടെ പുറത്തായിരുന്നു. കോഴിക്കോ ട് പുതുപ്പാടിയിൽ ലഹരിക്കടിമയായ 25കാരൻ മാതാവിനെ കുത്തിക്കൊലപ്പെ ടുത്തിയത് കേരളം ഞെട്ടലോടെയാണ് കേട്ടത്. തിരുവനന്തപുരത്ത് പിതാവിനെ 22കാരനായ മകൻ മർദിച്ച് കൊലപ്പെ ടു ത്തിയതിന് പിന്നിലും ലഹരിയായിരുന്നു വില്ലൻ. എറണാകുളം ചേന്ദമംഗലത്ത് അയൽവാസിക ളായ മൂന്ന് പേരെ കൊ ലപ്പെടുത്തിയ ഋതുവും ലഹരിക്ക് അടി മയായിരുന്നു. തൃശൂരിൽ പുതുവ ർഷ പു ലരിയിൽ യുവാവിനെ പതിനാലുകാരൻ കുത്തിക്കൊന്നത് ലഹരി ഉപയോഗം ചോദ്യം ചെയ്തതിനായിരുന്നു.

### ചോരക്കളമായി നിരത്ത്

നിരത്തുകളെ ചോരക്കളമാകുന്ന വാ ഹനാപകടങ്ങളിലും ലഹരിയുടെ പങ്ക് ചെറുത ല്ല. ശരാശരി 42,000 വാഹനാപ കടങ്ങളാണ് സംസ്ഥാനത്ത് ഒരുവർഷം ഉണ്ടാകുന്നത്. രണ്ട് മാസം മുമ്പ് നാട്ട കയിൽ ഉറങ്ങിക്കിടക്കുന്നവരുടെ ശരീ രത്തിലേക്ക് ലോറി ഓടിച്ചുകയറ്റിയത് മദ്യപിച്ച് വാഹനം ഓടിച്ച തടി വണ്ടിയു ടെ ക്ലീനറായിരുന്നു. സംഭവത്തിൽ രണ്ട് കുട്ടികൾ ഉൾപ്പെടെ അഞ്ച് പേർക്കാണ് ജീവൻ നഷ്ടമായത്.

ദിവസവും വൻതോതിലാണ് ലഹരിവ സ്തു ക്കൾ അതിർത്തി കടന്ന് എത്തുന്നത്. അതിന്റെ ചെറിയൊരു അംശം മാത്രമാണ് പലപ്പോഴും പിടി കൂടുന്നത്. പിടിക്കപ്പെ ടുന്ന കേസുകളിൽ ഇതിന് പിന്നിലുള്ള റാക്കറ്റുകളെ കണ്ടെത്താനോ ലഹ രിക്ക സ്സുകളെ അറുത്തുമാറ്റാനോ പലപ്പോഴും :പാലീസിനോ എക്സൈസിനോ കഴി യാറുമില്ല ഒരാൾ പിടിയിലായാൽ പകരം പുതിയ ആളുകളെ കണ്ടെത്തി ലഹരി സംഘങ്ങൾ വിൽപ്പന തുടരും.

### കടത്താൻ വിദ്യാർഥികളും

പല കേസുകളിലും പെട്ട് ജാമ്യത്തിലിറങ്ങു ന്ന വലിയൊരു വിഭാഗം മയക്കുമരുന്ന് കാരിയറു കളായി മാറുന്നുണ്ട്. സ്ത്രീകളും വിദ്യാർഥികളും ഉൾപ്പെടെയുള്ളവരെ പണവും ആഡംബരങ്ങ ളും കാണിച്ച് കാരിയർമാരാക്കി മാറ്റുന്നുണ്ട്. വി ദ്യാർഥികളെ ലഹരിക്കടിമപ്പെടുത്തുകയും ലഹരി വാങ്ങാൻ പണം കണ്ടെത്താൻ അവരെ കാരിയ ർമാരാക്കി മാറ്റുകയും ചെയ്യുന്ന പ്രവണതയുമു ണ്ടെന്ന് ഉദ്യോഗസ്ഥർ പറയുന്നു. 18നും 25നും ഇടയിൽ പ്രായമുള്ളവരാണ് ഇങ്ങനെ കൂടുതലും ഇരയാക്കപ്പെടുന്നത്. കുട്ടികളും സ്ത്രീകളും പിടിയി ലാകാൻ തുടങ്ങിയതോടെ ഡോക്ടർമാർ, അധ്യാപ കർ ഉൾപ്പടെയുള്ള വരെയും ലഹരി സംഘങ്ങൾ കാരിയർമാ രാക്കി തുടങ്ങിയിട്ടുണ്ട്. സ്കൂളുകളി ലും കോളജുകളിലും സാമൂഹിക മാധ്യമങ്ങൾ ഉൾപ്പെടെ കേന്ദ്രീകരിച്ചാണ് വിൽപ്പന.

### ലഹരിക്കേസിൽ വർധന പത്തിരട്ടി

ലഹരിക്കേസുകളിൽ രണ്ട് വർഷ ത്തിനിടെ പത്തിരട്ടി വർധനവാണ് സംസ്ഥാനത്തുണ്ടായിട്ടുള്ളത്. 3,844 കിലോ കഞ്ചാവും 2,537 കഞ്ചാവ് ചെടികളും 88 കഞ്ചാവ് ബീഡികളുമാണ് കഴിഞ്ഞ വർഷം എക്സൈസ് പിടികൂടിയത്.

7,691.53 ഗ്രാം ഹാഷിഷ് ഓയിൽ, 12,590.15 ഗ്രാം കഞ്ചാവ് ഭാംഗ്. 39.075 ഗ്രാം ചരസ്, 3,263.95 ഗ്രാം എം ഡി എം എ എന്നിവയും എക്സൈസ് 2024ൽ സംസ്ഥാന വ്യാപകമായി പിടികൂടിയിട്ടുണ്ട്.

നിരോധിത പുകയില ഉത്പന്ന ങ്ങൾ പിടികൂടിയ 69,876 കേസു കൾ രജിസ്റ്റർ ചെയ്ത് 1.39 കോടി രൂപ പിഴ ഈടാക്കി. 23,668.93 കിലോ നിരോധിത പുകയിലയും പിടികൂടിയിട്ടുണ്ട്.

കൂടാതെ ഇക്കാലയളവിൽ 4,812,155 ലിറ്റർ വാറ്റ് ചാരായവും 3,040,475 ലിറ്റർ അരിഷ്ടവും 681,745 ലിറ്റർ വ്യാജമദ്യവും പിടികൂടി

# ലഹരിമുക്തരെ പുനരധിവസിപ്പിക്കണം

കേരളത്തിൽ ലഹരി മൂലമുള്ള അക്രമങ്ങൾ വർധിക്കുകയാണ്. നിരവധി ഡി അഡിക്ഷൻ സെ ന്ററുകൾ കേരളത്തിൽ പ്രവർത്തിക്കു ന്നുണ്ട്. മദ്യവർജനം പ്രോത്സാഹിപ്പി ക്കാനും മയക്കുമരുന്ന് ഉപയോഗം ഇല്ലാതാക്കാനും ലക്ഷ്യമിട്ട് 2016ൽ സംസ്ഥാന ലഹരിവിരുദ്ധ മിഷൻ ആരംഭിച്ച വിമുക്തി ഡി അഡിക് ൻ സെന്ററുകളിൽ ഇതുവരെ 1,36,550 പേർ ചികിത്സ തേടിയെത്തിയിട്ടുണ്ട്. 11,078 പേരെ സംസ്ഥാനത്തെ 14 ഡി അഡിക്ഷൻ സെ ന്ററുകളിൽ കിട ത്തി ചികിത്സിക്കുകയും ചെയ്തു. ഇതുകൂടാതെ സ്വകാര്യ സെന്ററുക ൾ വേറെയും പ്രവർത്തിക്കുന്നുണ്ട്. വിമുക്തി മിഷന്റെ കീഴിൽ സംസ്ഥാ നത്ത് സ്കൂൾ- കോളജ് വിദ്യാർഥികൾക്കിടയിൽ അതിവിപുലമായി ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ്സുക ൾ നടത്തിയിട്ടുണ്ട്. കഴിഞ്ഞ

വർഷം തന്നെ 59,917 ബോധവത്ക രണ ക്ലാസ്സുകളാണ് സ്കൂൾ കേന്ദ്രീ കരിച്ച് നടത്തിയത്. കോളജുകളിൽ എക്സൈസിന്റെ നേതൃത്വത്തിലും ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. പക്ഷേ, ലഹരിമുക്തരാകുന്നവർ വീണ്ടും ലഹരിയിലേക്ക് പോകാതിരിക്കാൻ കൃത്യമായ പുനരധിവാസ പദ്ധതി കൾ നിലവിൽ ആവിഷ്കരിച്ചിട്ടില്ല. മികച്ച തൊഴിൽ അവസരങ്ങൾ ഇവ ർക്കായി സൃഷ്ടിക്കണം എന്ന ആവ ശ്യം ശക്തമാണ്. ഇവർക്ക് തൊഴിൽ പരിശീലനം നൽകുമെന്ന് സാമൂ ഹിക നീതി വകുപ്പ് പറഞ്ഞിരുന്നെ ങ്കിലും കൃത്യമായി നടപ്പാക്കിയിട്ടില്ല. ലഹരിമുക്തരായവരുടെ സംഗമ ങ്ങളും തുടർ കൗൺസലിംഗുകളും മുൻകാലങ്ങളിൽ സംഘടിപ്പിച്ചിരു ന്നെങ്കിലും ഫണ്ട് ഇല്ലാത്തതിനാൽ അതും മുടങ്ങിയ അവസ്ഥയിലാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സർക്കാറും കൃത്യമായി പരിഹാരമാർഗ്ഗങ്ങൾ ആസൂത്രണം ചെയ്യണം.

# ബോധവത്കരിക്കാൻ പ്രത്യേക പീരിയഡ്

സംസ്ഥാനത്ത് ലഹരി വിരുദ്ധ ബോധവത്കരണം പാഠ്യപദ്ധതിയുടെ ഭാഗമാണെന്നും ഇതിനായി ഒരു പീരിയഡ് അനുവദിക്കു ന്ന കാര്യം ആലോചിക്കുമെ ന്നും വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി നിയമസഭയിൽ പറഞ്ഞു. ലഹരിവിരുദ്ധ അവബോധം പാഠ്യപദ്ധതിയു ടെ ഭാഗമാക്കണമെന്ന അൻവർ സാദത്ത് എം എൽ എ യുടെ ശ്ര ദ്ധക്ഷണിക്കലിന് മറുപടി പറയുകയാ യിരുന്നു മന്ത്രി.

വിദ്യാലയങ്ങളിൽ ലഹരിവി രുദ്ധ ക്യാമ്പയിൻ, ലഹരിവ സ്തുക്കളുടെ ദുരുപയോഗ വും ആസക്തിയും തട യാൻ വിവിധ പദ്ധതികൾ, ആരോഗ്യകരമായ ജീവിത രീതി പ്രോത്സാഹിപ്പിക്കൽ, ജാഗ്രതാ പ്രവർത്തനങ്ങൾ ക്കായി സമിതികളുടെ രൂപവ ത്കരണം തുടങ്ങിയവ പാഠ്യപദ്ധതി യിലൂടെ നടപ്പാക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

അവലംബം : പത്രവാർത്തകൾ, നിയമസഭാവാർത്തകൾ, മറ്റ് ഏജൻസി റിപ്പോർട്ടുകൾ

# യുവാക്കളെ 'വയലന്റാക്കി' ലഹരിയും വയലൻസ് സിനിമകളും

## ലഹരിയും ക്രൈമും സിനിമകളിൽ നിന്ന് നീക്കണമെന്ന് ആവശ്യമുയരുന്നു

വെഞ്ഞാറമൂട് കൂട്ട കൊലപാതകത്തിൽ കൃത്യമായ ഉത്തരം പുറത്തുവന്നില്ലെങ്കിലും അടുത്തിടെ കേരളത്തിൽ നടന്ന ലഹരി, ബേങ്ക് കവർച്ച, റാഗിംഗ്, ക്യാമ്പസ് അക്രമങ്ങൾ, കൊലപാതകം തുടങ്ങിയ കേസുകളിൽ സിനിമക്ക് വലിയ സ്വാധീനമുള്ളതായി വിലയിരുത്തൽ. സിനിമയിൽ നിന്നും വയലൻസ്, ലഹരി രംഗങ്ങൾ ഒഴിവാക്കണമെന്ന അഭിപ്രായം സാമൂഹിക മാധ്യമങ്ങളിൽ നിരവധിപേർ പങ്കുവെച്ചു.

അഫാൻ നടത്തിയ കൊലപാതകം മാർക്കോ സിനിമക്ക് സമാനമാണെന്ന് ചിലർ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ പ്രതി സിനിമകൾ കാണാറുണ്ടായിരുന്നോയെന്നും സ്വാധീനം ചെലുത്തിയിട്ടുണ്ടോ എന്നുമുള്ള കാര്യങ്ങൾ വ്യക്തമല്ല. ഇതിനിടയിൽ ഹൈദരാബാദിലെ സർക്കാർ സ്കൂളിലെ അധ്യാപിക നടത്തിയ പ്രസംഗം സോഷ്യൽ മീഡിയയിൽ ചർച്ചയായി. വിദ്യാഭ്യാസ കമ്മീഷന് മുമ്പാകെ സംസാരിക്കവെയാണ് പുഷ്പ പോലുള്ള ചിത്രങ്ങൾ കാരണം വിദ്യാർഥികൾ ഇപ്പോൾ അസഭ്യം പറയുകയാണെന്നും സിനിമയി ലെ വസ്ത്രധാരണവും അസഭ്യ സംസാരവും കുട്ടികളെ സ്വാധീനിക്കുന്നതായും അധ്യാപിക പറയുന്നത്.

മലയാളം, തമിഴ്, തെലുങ്ക്, കന്നഡ, ഹിന്ദി ഭാഷകളിൽ പുറ ത്തിറങ്ങിയ ദൃശ്യം സിനിമ ഇന്ത്യയൊട്ടാകെ നിരവധി കൊലപാതകങ്ങളിൽ സ്വാധീനിച്ചതായി വാർത്തകൾ വന്നിരുന്നു. യു പിയിൽ വ്യവസായിയായ അതുഷ് ശർമ്മയെ മുൻ പോലീസ് കോൺസ്റ്റബിളായ പ്രവീൺ കൊലപ്പെടുത്തി മൃതദേഹം ഒളിപ്പിച്ചത് ദൃശ്യം സിനിമ കണ്ടാണെന്ന് പ്രതി പോലീസിന് മൊഴി നൽകിയിരുന്നു.

ഉത്തർപ്രദേശിലെ കാൺപൂരിൽ യുവതി കൊല്ലപ്പെട്ട സംഭവത്തിൽ ജിം ട്രെയിനർ വിശാൽ സോണിയും ദൃശ്യം സിനിമ കണ്ടാണ് മൃതദേഹം മറവുചെയ്തതത്. മധ്യപ്രദേശിലെ ഇൻഡോർ, ഉത്തർപ്രദേശിലെ ഹർദോയ്, കൊല്ലം അഞ്ചൽ, മലപ്പുറം തുവ്വൂർ, കണ്ണൂർ ഇരി കൂർ, ആലപ്പുഴ മാന്നാർ, അമ്പ ലപ്പുഴ, ചങ്ങനാശ്ശേരി, പാലക്കാട് കടമ്പഴിപ്പുറം ഇരട്ടക്കൊല തുടങ്ങി നിരവധി വധക്കേസുകൾ ദൃശ്യം മോഡലാണെന്ന് പോലീസ് കണ്ടെത്തിയിരുന്നു. സിനിമയിൽ പ്രതികൾ രക്ഷപ്പെടാറുണ്ട്. എന്നാൽ യാഥാർഥ സംഭവങ്ങളിൽ പ്രതികൾ പിടിക്കപ്പെടുമെന്നാണ് പോലീസ് പറയുന്നത്. പറവൂരിൽ മോഷണ ശ്രമത്തിനിടെ യുവതിയെ കൊലപ്പെടുത്തി തമിഴ്നാട് സ്വദേശി ജനന്ദൻ തെളിവ് നശിപ്പിച്ചത് തമിഴ് സിനിമയിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് പോലീസിന് മൊഴി നൽകിയിരുന്നു. ചാലക്കുടി ബേങ്ക് കവർച്ചാ കേസിൽ പ്രതി റിജോ ആൻറണി വെബ് സീരീസുകൾ കണ്ടാണ് കവർച്ചക്കിറങ്ങിയത്. ലക്കി ഭാസ്കർ സിനിമ കണ്ട് മാനേജർ 122 കോടി രൂപ ബേങ്കിൽ നിന്നും കവർന്നെങ്കിലും പോലീസിന്റെ പിടിയിൽ അകപ്പെട്ടിരുന്നു. ഹിന്ദി സിനിമ കണ്ട് കാസർകോട്ട് ബേങ്ക് കവർച്ച നടത്തിയതും നെടുമ്പാശ്ശേരിയിൽ തമിഴ് സിനിമയിൽ നായകന്റെ സ്വർണക്കടത്ത് അനുകരിച്ച് സ്വർണം തലയിൽ ഒട്ടിച്ച് വിഗ്ഗ് വെച്ച് വന്നതുമെല്ലാം പോലീസ് പിടികൂടിയിരുന്നു. ന്യൂഡൽഹിയിൽ ലിവിംഗ് പാർട്ണറെ അഫ്താബ് പൂനെവാല കൊലപ്പെടുത്തി യത് അമേരിക്കൻ ക്രൈം സിരീസായ ഡെക്സ്റ്റർ കണ്ടിട്ടായിരുന്നു. സിനിമയിൽ നായകൻ ലഹരി ഉപയോഗിക്കുന്ന സീൻ ഉൾപ്പെടുത്താൻ ലഹരി മാഫിയ പണമിറക്കുന്നതായും വിവരമുണ്ട്. നാർകോട്ടിക് കൺട്രോൾ ബോർഡാണ് ഇത് സംബന്ധിച്ച വിവരം പുറത്തുവിട്ടത്. വർഷം നാനൂറ് കോടിയോളം രൂപ ഇങ്ങനെ ഹിന്ദി സിനിമാ മേഖലയിൽ മാത്രം ചെലവഴിക്കുന്നതായി പറയപ്പെടുന്നു. സിനിമയിലെ ലഹരി രംഗങ്ങൾ വിദ്യാർഥികളെയും യുവാക്കളെയും സ്വാധീനിക്കുന്നതിനാലാണ് പടം പരാജയമായാലും സിനിമക്കായി ലഹരി മാഫിയ പണമിറക്കുന്നത്. സിനിമയിൽ ഇറക്കിയ പണം ലഹരി വിൽപ്പനയിലൂടെ തിരിച്ചു. പിടിക്കാനാകുമെന്നാണ് ലഹരി സംഘങ്ങളുടെ കണക്കുകൂട്ടൽ.

അവലംബം : പത്രവാർത്തകൾ, മറ്റ് ഏജൻസി റിപ്പോർട്ടുകൾ

# മാറണം, മാറിയേ തീരൂ

പ്രബുദ്ധ കേരളം ഇക്കാലമത്രയും കേൾക്കാത്ത സംഭവങ്ങളാണ് ഓരോ ദിവസവും കേൾക്കുന്നത്. പുതിയൊരു വർഷത്തിലേക്ക് കടന്ന മലയാളികൾക്ക് ക്രൂരതകളുടെ പരമ്പരകളാണ് വായിക്കാനുള്ളത്. മസ്തിഷ്ക ശാസ്ത്രക്രിയ കഴിഞ്ഞ മാതാവിനെ വെട്ടിക്കൊലപ്പെടുത്തിയ ആശിഖ്, അയൽവാസിയായ വൃദ്ധയെയും മകനെയും കൊന്ന ചെന്താമര, ഏറ്റവുമൊടുവിൽ തിരുവനന്തപുരത്തെ കൂട്ടക്കൊലപാതക വാർത്ത, കുടുംബമെന്നോ കൂട്ടുകാരെന്നോ നോക്കാതെ ലഹരിക്കും മറ്റും അടിമയായി ആരെയും കൊല്ലാനും തല്ലാനും മടിക്കാത്തവരായി പുതിയ സമൂഹം മാറിയിരിക്കുന്നു. "കട്ടച്ചോര ജ്യൂസടി"ക്കുന്ന പാട്ടുകളാൽ സമ്പന്നമാണ് പലരുടെയും ജിവിതങ്ങൾ. സിനിമകളും ലഹരികളും മനുഷ്യരുടെ പെരുമാറ്റങ്ങളിൽ വലിയ സ്വാധീനമുണ്ടാക്കുന്നുവെന്ന് കാലങ്ങളായി പറയുന്നുണ്ടെങ്കിലും പലർക്കും ബോധ്യപ്പെടുന്നത് അടുത്തിടെയാണ്. സ്വന്തം കുടുംബക്കാരെ പോലും വിശ്വസിക്കാൻ സാധിക്കാത്ത ഇക്കാലത്ത് വിദ്യാഭ്യാസ പ്രക്രിയകൾ കൂടുതൽ ക്രിയാത്മകമായി രൂപപ്പെടുത്തേണ്ടതുണ്ട്. മാതാവിനെ പോലും ശത്രുവായി കാണുന്ന അധാർമിക ചിന്താകളിൽ നിന്ന് മക്കളെ മാറ്റിയെടുക്കാൻ ശ്രമങ്ങളുണ്ടാകണം. അവർക്ക് ധാർമികതയുടെ പാഠങ്ങൾ പകർന്നു നൽകാൻ പുതിയ ആലോചനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങൾ ബന്ധപ്പെട്ടവരുടെ ഭാഗത്ത് നിന്ന് ഉണ്ടാകുമെന്ന് പ്രത്യാശിക്കുന്നു.


അവലംബം : പത്രവാർത്തകൾ, മറ്റ് ഏജൻസി റിപ്പോർട്ടുകൾ



കോഴിക്കോട് എക്സൈസ് ഡപ്യൂട്ടി കമ്മീഷ്ണർ സുഗുണൻ എം, കൂടെ വിമുക്തി കേഡറ്റുകൾ



വിമുക്തി കേഡറ്റുകൾ അഡീഷ്ണൽ എസ്.പി. ടി.ശ്യാംലാലിന്റെ കൂടെ



# മടക്കയാത്ര ...


സതീഷ് കെ ചേരാപുരം .

മക്കളേ...
ലഹരിയുടെ വഴികളിലെ
ഇരുട്ട് നിറഞ്ഞ ചതിക്കുഴികളിൽ
അറിയാതെ കാൽതെറ്റി വീഴും മുമ്പ്
ഇത്രമാത്രമോർക്കുക
ഒരിക്കൽ, ഒരിക്കൽ മാത്രമെങ്കിലും
ആ വഴിയിലൂടെ ഒരു യാത്ര പോയാൽ
പിന്നീട് മരണത്തിനിപ്പുറം
നിത്യജീവിതത്തിലേക്ക്
ഒരു മടക്കയാത്രയുണ്ടാവില്ല !
ലഹരിയുടെ ഏകാന്ത വീഥികളിൽ
കഠിനകാലങ്ങൾ കത്തിയെരിയുമ്പോൾ
നിലവിളികൾ കേൾക്കാൻ
കാതുകൾ ബാക്കിയുണ്ടാവില്ല !
കാണാൻ കണ്ണുകളിൽ വെളിച്ചമുണ്ടാവില്ല !
വേദനകൾ തിന്നു തീർക്കുന്ന
നീചജന്മത്തിന് ഒന്ന് പൊട്ടിക്കരയാൻ
ഇത്തിരി ഒച്ച പോലും ബാക്കിയുണ്ടാവില്ല !
ബന്ധവും സ്വന്തവും സമയകാലങ്ങളും
നിശ്ചലമാവുന്ന ലഹരിയിലിറങ്ങും മുമ്പ്
പാപിയുടെ പതാളവഴികളുപേക്ഷിക്കുക !
ഒരു സുന്ദരശുഭയാത്രയിലേക്ക് മടങ്ങുക !



കാർട്ടൂൺ
**നിതാലക്ഷ്മി X - B**







# വിടരട്ടെ ഇനിയും പ്രഭാതങ്ങൾ പ്രതീക്ഷകളുടെ നാളെകളായ്

**ഫാത്തിമ ടി.എം - 8 D**

ഉരുൾ പൊട്ടിയൊലിച്ച വഴിയിലൂടെ
ഞാൻ നീങ്ങിടുമ്പോൾ,
പൊട്ടിപ്പൊളിഞ്ഞൊരാ
വിദ്യാലയ മുറ്റത്തു നിന്നും
കേട്ടു ഞാൻ - പൊട്ടിച്ചിരികളും,
കല പില ശബ്ദങ്ങളും
പക്ഷേ, അതെൻ മനസ്സിൽ
വൃഥാ തോന്നലായിരുന്നു.
എങ്കിലുമെൻ  മനസ്സു മന്ത്രിച്ചു
'ഇനിയുമൊരു പ്രഭാതം വിടരുമ്പോൾ,
ഇവിടമാ വിദ്യാലയം ഉയിർത്തെഴുന്നേൽക്കും.
ഈ നാടിന്റെ - മൺമറഞ്ഞ
കുഞ്ഞിളം പൈതലുകളുടെ ഓർമയ്ക്കായ്......
നീചരാം മർത്യരുടെ ദുഷ്കൃത്യത്താൽ
മണ്ണിലലിഞ്ഞു മാഞ്ഞ
ഒരു കൂട്ടം മനുജർക്കായ്
ഇനിയുമൊരു പ്രഭാതം വിടരട്ടെ.



# ലഹരി

ഇല്ല്യാസ് മാങ്ങോട്



പുകച്ചുരുളുകൾ
മദ്യചഷകങ്ങൾ
രഹസ്യ സംഗമങ്ങൾ
ആനന്ദലഹരിയായ് !

നിന്നിലെ ഞാനായ്
എന്നിലെ നീയായ്
നമ്മിലെ മോഹമായ്
ലഹരി പടർന്നു കയറി !

നമ്മൾ കെട്ടിയാടുന്ന
പുതുജീതത്തിന്റെ
വേഷപ്പകർച്ചകളിൽ
ജീവിതം ലഹരിമയം !

നഗരം , ഇരുട്ട്, മൂല
നഗ്ന ശരീരങ്ങളിൽ
സൂചിമുനകളിൽ
യുദ്ധ ലഹരി !

ചിരിക്കാതെ,
കരയാതെ ,
ചേർത്തുപിടിക്കാതെ
ഒറ്റ തുരുത്തുകളിൽ
അകന്നു പോയവർക്ക്
സമർപ്പിക്കാൻ
തിരുത്തിന്റെ തുരുത്ത്
ആത്മാവിൽ പകരട്ടെ !

# 2024-25 വർഷത്തെ പ്രവർത്തനങ്ങൾ

- ലഹരിവിരുദ്ധ ദിനം
  ലഹരിവിരുദ്ധ പ്രതിജ്ഞ
  ലഹരി വിരുദ്ധ പാർലിമെന്റ്
  ഫ്ലാഷ്മോബ്
  ചിത്ര രചന മത്സരം
- ജീവിതമാണ് ലഹരി - ഏകദിന ക്യാമ്പ്
- സ - സ (സ്റ്റുഡന്റ് എഗനിസ്റ്റ് സബ്സ്റ്റൻസ് അബ്യൂസ്)
  പ്രിയകുട്ടികളെ ജീവിതമാണ് ലോഹരി
  നമ്മളിലൂടെ പരിഹാരം
- മൻസൂഖി നശാ (പത്താംതരം ക്ലാസ് തല ബോധവത്ക്കരണം)
  മൻസൂഖി നശാ (ക്ലാസ് ടീച്ചറുടെ മുന്നിൽ പ്രതിജ്ഞ)
  പ്രതിജ്ഞാ പത്രം
- വിടരുംമുമ്പേ വാടാതിരിക്കാൻ - വെക്കേഷൻ ക്യാമ്പ്
  8,9,10 ക്ലാസിലെ രക്ഷിതാക്കൾക്ക് ബോധവൽക്കരണം
- സ്കൂൾ കോമ്പൗണ്ടിൽ ബോധവൽക്കരണ ബോർഡുകൾ
- ബോധവൽക്കരണ മിറർ
- അനുമോദനം
- ഫാമിലി പ്രതിജ്ഞ
- ഗ്രാമസഞ്ചാരം
  പള്ളിയത്ത് ടൗൺ
- വീട്ടുമുറ്റം
  പള്ളിയത്ത്, ചേറ്റുകെട്ടി, ആയഞ്ചേരി, കാക്കുനി
- മാലിന്യമുക്ത നവകേരള പ്രവർത്തനങ്ങൾ
  ശുചീകരണം
  ഹരിതസഭ
  വലിച്ചെറിയൽ മുക്തവാരം
- ലഹരിവസ്തുമുക്ത വിദ്യാലയം, നവകേരളം
  ക്ലാസ് സഭ
  സ്കൂൾ പാർലിമെന്റ്
  കൊളാഷ്
- ഹരിതാമൃതം പദ്ധതി
- ജാഗ്രതസഭ
- പ്രകൃതി വിചാരങ്ങൾ
- ആഘോഷങ്ങളിൽ ജാഗ്രത
- പോസറ്റീവ് പാരന്റിംഗ്
- പരേഡ് പരിശീലനം
- വൈബ് 2025 ഏകദിനക്യാമ്പ്

ഹയർസെക്കണ്ടറി വിഭാഗം

- ലഹരിവിരുദ്ധ സന്ദേശ ലഘുലേഖ വിതരണം
- പ്ലക്കാർഡ് നിർമ്മാണം
- ക്ലാസ് സഭ
- പെൺകുട്ടികൾക്ക് പ്രത്യേക ബോധവൽക്കരണം

## ലഹരി വിരുദ്ധദിനം

ലഹരി വിരുദ്ധദിനം  എക്സൈസ് ഇൻസ്പെക്ടർ ഷൈലേഷ് കുമാർ എം.എം. (അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ വടകര റെയിഞ്ച്) ഉദ്ഘാടനം ചെയ്യുന്നു. പരിപാടിയുടെ ഭാഗമായി ലഹരിവിരുദ്ധ പ്രതിഞ്ഞ, ലഹരിവിരുദ്ധ പാർലമെന്റ്, ഫ്ലാഷ് മോബ്, ചിത്രരചനാ മത്സരങ്ങൾ നടത്തി. സ്കൂൾതല ചിത്ര രചനാ മത്സരത്തിൽ സഞ്ജയ് മനോജ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. പരിപാടിയിൽ എക്സൈസ് ഇൻസ്പെക്ടർ സമ്മാനം നൽകി.

## ജീവിതമാണ് ലഹരി - ഏകദിന ക്യാമ്പ്

സ - സ (സ്റ്റുഡന്റ് എഗനിസ്റ്റ് സബ്സ്റ്റൻസ് അബ്യൂസ്) ക്യാമ്പ് ഹെഡ്മാസ്റ്റർ വടക്കയിൽ കുഞ്ഞമ്മദ് ഉദ്ഘാടനം ചെയ്തു.

പ്രിയകുട്ടികളെ ജീവിതമാണ് ലഹരി എന്ന സെക്ഷൻ ജയപ്രസാദ് സി.കെ. (പ്രിവന്റീവ് ഓഫീസർ എക്സൈസ് സർക്കിൾ ഓഫീസ് വടകര) നേതൃത്വം നൽകി.

നമ്മളിലൂടെ പരിഹാരം  എന്ന ചർച്ചാസംഗമം റഫീവ് മണിയൂർ (ASI of Police) നേതൃത്വം നൽകി. വിമുക്തി ക്ലബ്ബ് അംഗങ്ങൾക്ക് പുറമെ സ്കൗട്ട് & ഗൈഡ്സ്, JRC, ലിറ്റിൽ കൈറ്റ്സ് എന്നീ ക്ലബ്ബ് അംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു.

## മൻസൂഖി നശാ

പത്താംതരത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ പരിപാടിയാണ് മൻസൂഖി നശാ. 143 വിദ്യാർത്ഥികൾക്ക് പരിപാടിയുടെ ഭാഗമായി ബോധവൽക്കരണം നടത്തി. പി.കെ. അസീസ് നേതൃത്വം നൽകി. കോഴിക്കോട് അസിസ്റ്റന്റ് എക്സൈസ് ഡെപ്യൂട്ടി കമ്മീഷ്ണർ ഷിബു പി.എൽ ഉദ്ഘാടനം ചെയ്തു. ക്ലാസ് ടീച്ചറുടെ മുന്നിൽ എല്ലാ വിദ്യാർത്ഥികളും പ്രതിജ്ഞ ചെയ്തു. വിദ്യാർത്ഥികൾക്ക് പ്രതിജ്ഞാപത്രം ചടങ്ങിൽ വെച്ച് നൽകി.

## വിടരും മുമ്പേ വാടാതിരിക്കാൻ - വെക്കേഷൻ ക്യാമ്പ്

വിടരുംമുമ്പേ വാടാതിരിക്കാൻ വെക്കേഷൻ ക്യാമ്പിന്റെ ലോഗോ അസിസ്റ്റന്റ് എക്സൈസ് കമ്മീഷ്ണർ ഷിബു.പി.എൽ. പ്രകാശനം ചെയ്തു. വിമുക്തി കേഡറ്റുകൾക്ക് മാത്രമായി നടത്തിയ ഏകദിന ക്യാമ്പിൽ റഫീബ് മണിയൂർ പരിശീലനത്തിന് നേതൃത്വം നൽകി. ക്യാമ്പിന്റെ തുടർച്ചയെന്നോണം 8,9,10 ക്ലാസുകളിലെ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് വേണ്ടി പ്രത്യേക ബോധവൽക്കരണം നടത്തി. 400ഓളം രക്ഷിതാക്കൾ ബോധവൽക്കരണത്തിൽ പങ്കെടുത്തു.

## ബോധവൽക്കരണ ബോർഡുകൾ

തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് സാമൂഹിക ആരോഗ്യകേന്ദ്രം തിരുവള്ളൂരിന്റെ സഹകരണത്തോടെ സ്കൂൾ കോമ്പൗണ്ടിൽ ബോധവൽക്കരണ ബോർഡും, 2 മിററും സ്ഥാപിച്ചു. മുജീബ് റഹ് മാൻ സി.എം. (ഹെൽത്ത് സൂപ്പർവൈസർ) നേതൃത്വംനൽകി.

## അനുമോദനം

തെലുങ്കാനയിൽ വെച്ച് നടന്ന നാഷണൽ സോഫ്റ്റ് ബെയ്സ് ബോൾ ചാമ്പ്യൻഷിപ്പിൽ കേരള ടീം വിജയിച്ചിരിക്കുന്നു. ടീമിൽ അംഗമായ പ്ലസ്ടു കൊമേഴ്സ് വിദ്യാർത്ഥി വൈശാഖിനെ വിമുക്തി ക്ലബ്ബ് അംഗങ്ങൾ അനുമോദിച്ചു. ചടങ്ങ്  പി.ടി.എ. പ്രസിഡണ്ട് മുനീർ രാമത്ത് ഉദ്ഘാടനം ചെയ്തു.

## ഫാമിലി പ്രതിജ്ഞ

സ്കൂൾ മുതൽ വീട് വരെ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ  ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ ബോധവൽക്കരണത്തിന്റെ ഭാഗമായി വിമുക്തി കേഡറ്റുകൾ സ്വന്തം ഫാമിലിയോടൊപ്പം ലഹരിവിരുദ്ധ പ്രതിജ്ഞ ചെയ്ത് അവരെയും ബോധവൽക്കരണത്തിന്റെ ഭാഗമാക്കി.

## ഗ്രാമസഞ്ചാരം

പൊതുജനങ്ങൾക്കിടയിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കിക്കുന്നതിനായി നടത്തിയ പദ്ധതിയാണ് ഗ്രാമസഞ്ചാരം. പള്ളിയത്ത് ടൗണിൽ നടന്ന ഗ്രാമസഞ്ചാരം വേളം ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ ബീന.കെ. ഉദ്ഘാടനം ചെയ്തു. ആറാം തരം സ്കൂൾ വിദ്യാർത്ഥി മുഹമ്മദ് ബാസിം പ്രഭാഷണം നടത്തി. വിവിധ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു.

## വീട്ടുമുറ്റം

ഫാമിലി പ്രതിജ്ഞയുടെ തുടർച്ചയെന്നോണം ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് വീട്ടുമുറ്റം. വിമുക്തി കേഡറ്റുകളുടെ വീടും, വീടിന്റെ പരിസരത്തുമുള്ള പൊതുജനങ്ങളെ പങ്കെടുപ്പിച്ചാണ് പരിപാടി നടത്തിയത്. പള്ളിയത്ത് ഭാഗം വീട്ടുമുറ്റം, ചേരാപുരം എം.എൽ.പി.സ്കൂളിൽ നടന്നു. കോഴിക്കോട് എക്സൈസ് ഡെപ്യൂട്ടി കമ്മീഷ്ണർ സുഗുണൻ എം. ഉദ്ഘാടനം ചെയ്തു. സമീർ മാസ്റ്റർ വേളം ബോധവൽക്കരണ പ്രഭാഷ

ണം നടത്തി.

ചേറ്റുകെട്ടി ഭാഗം സന്തോഷ് കുമാർ.കെ യുടെ (സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്) വീട്ടിൽ വെച്ച് നടന്നു. ആയഞ്ചേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് പി.കെ.ആയിഷടീച്ചർ ഉദ്ഘാടനം ചെയ്തു. എക്സൈസ് ഇൻസ്പെക്ടർ മുഹമ്മദ് എം ക്ലാസിന് നേതൃത്വം നൽകി. പി.ടി.എ. ഭാരവാഹികൾ, എം.പി.ടി.എ. ഭാരവാഹികൾ പങ്കെടുത്ത പരിപാടിയിൽ 45ഓളം കുടുംബങ്ങളും വിമുക്തി കേഡറ്റുകളും പങ്കെടുത്തു. കേഡറ്റുകളുടെ വീടുകളിൽ വീട്ടുമുറ്റം പരിപാടിയുടെ ഭാഗമായി റിതുൽ അശോക്, തേജിൽ കൃഷ്ണ മുഹമ്മദ് ഫന്നാൻ എന്നിവരുടെ വീടുകളിലും പരിപാടി നടന്നു. ഈ പരിപാടി തുടർന്നുകൊണ്ടിരിക്കുന്നു.

**ജാഗ്രത സഭ**

സ്കൂൾ പി.ടി.എ, എസ്.എം.സി ഭാരവാഹികൾ സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ്, വിവിധ രാഷ്ട്രീയ സാമൂഹ്യ സംഘടനാ പ്രതിനിധികൾ വിവിധ ക്ലബ്ബ് അംഗങ്ങൾ ഉൾപ്പെടുത്തി നടത്തിയ ജാഗ്രതസഭ കോഴിക്കോട് റൂറൽ അഡീഷണൽ എസ്. പി. ടി.ശ്യാംലാൽ ഉദ്ഘാടനം ചെയ്തു.

**ആഘോഷങ്ങളിൽ ജാഗ്രത**

വിമുക്തി കേഡറ്റുകളുടെ വീടുകളിലും സ്കൂൾ പരിസരത്തെ മറ്റുവീടുകളിലും നടത്തുന്ന വിവാഹം, വീട്ടിൽ കൂടൽ തുടങ്ങിയ മറ്റ് ആഘോഷപരിപാടികളിൽ വിമുക്തി കേഡറ്റുകൾ ലഹരി ബോധവൽക്കരണം നടത്തുന്നു. ചടങ്ങിന്റെ ഭാഗമായി നടത്തപ്പെടുന്ന വീടുകളിൽ ഉപഹാരസമർപ്പണവും നടത്തും.

**പ്രകൃതി വിചാരങ്ങൾ**

ഒരു ദിനത്തിൽ ഒതുങ്ങി കൊണ്ടുപോകേണ്ടതല്ല നമ്മുടെ പരിസ്ഥിതി. പരിസ്ഥിതിയോട് ചേർന്ന് നിൽക്കുക. സ്വന്തമായി കരുതി അതിനെ സംരക്ഷിക്കുക. പരിസ്ഥിതിക്ക് കോട്ടം ഉണ്ടാകുന്ന ഒന്നും ചെയ്യില്ല എന്ന് നിർബന്ധം പുലർത്തുക. ഇതൊക്കെയും നമ്മൾ ഒരു സംസ്കാരമായി തുടരേണ്ടതാണ്. ഈ ലക്ഷ്യം മുൻനിർത്തി കാർബൺ ന്യൂട്രൽചെടി വ്യാപനം, ബീറ്റ് പ്ലാസ്റ്റിക് പൊലൂഷൻ, ഡ്രൈഡേ, ഐക്യദാർഢ്യം, മണ്ണിന്റെ മനുഷ്യരെ കേൾക്കുന്നു. ടീ ടോക്ക് എന്നീ പരിപാടികളും ലക്ഷ്യമിടുന്നു.

**മാലിന്യമുക്തി നവകേരള പ്രവർത്തനങ്ങൾ**

കേരള സർക്കാർ നടപ്പിലാക്കുന്ന മാലിന്യമുക്തി നവകേരള പ്രവർത്തനങ്ങളുടെ ഭാഗമായി നിർദ്ദേശിച്ച സ്കൂളും പരിസരവും ശുദ്ധീകരണം, ബോധവൽക്കരണ ഹരിതസഭ, വലിച്ചെറിയൽ മുക്തവാരം തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു. ഹരിതസഭയ്ക്ക് അജിത്ത് കുമാർ എം.കെ. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ നേതൃത്വം നൽകി.

**ലഹരി വസ്തു മുക്ത വിദ്യാലയം - നവകേരളം**

കേരള സർക്കാർ നടപ്പിലാക്കുന്ന ലഹരിവസ്തു മുക്തവിദ്യാലയം നവകേരളം പദ്ധതിയുടെ ഭാഗമായി ക്ലാസ് സഭ എല്ലാ ക്ലാസിലും സംഘടിപ്പിച്ചു. സ്കൂൾതല ഉദ്ഘാടനം ഹെഡ് മാസ്റ്റർ വടക്കയിൽ കുഞ്ഞമ്മദ് നിർവ്വഹിച്ചു. വിവിധ ക്ലാസ് തല ബോധവൽക്കരണത്തിന് ക്ലാസ് ടീച്ചർമാർ നേതൃത്വംനൽകി. പരിപാടിയുടെ ഭാഗമായി ക്ലാസ്തല കൊളാഷ്, സ്കൂൾ പാർലമെന്റ് എന്നിവയും നടത്തി.

**വൈബ് 2025 - ഏകദിന ക്യാമ്പ്**

വിമുക്തി കേഡറ്റുകൾക്കും സ്കൂളിലെ മറ്റ് ക്ലബ്ബ് അംഗങ്ങൾക്കും സമീപപ്രദേശത്തെ സ്കൂൾ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ച് നടത്തുന്ന ഏകദിനക്യാമ്പാണ് വൈബ് 2025. തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് സാമൂഹിക ആരോഗ്യ കേന്ദ്രം തിരുവള്ളൂരിന്റെ സഹകരണത്തോടെയാണ് ക്യാമ്പ് നടത്തുന്നത്.

**ഹരിതാമൃതം പദ്ധതി**

വിവിധ കൃഷിരീതികൾ പരിചയപ്പെടുത്തുന്നതോടൊപ്പം വിമുക്തി കേഡറ്റുകളുടെ വീടുകളിൽ വിഷരഹിത പച്ചക്കറി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഉദ്ഘാടനം കോഴിക്കോട് എക്സൈസ് ഡെപ്യൂട്ടി കമ്മീഷ്ണർ സുഗുണൻ എം നിർവ്വഹിച്ചു.

**പോസിറ്റീവ് പാരന്റിംഗ്**

വിമുക്തി കേഡറ്റുകളെ ലക്ഷ്യം പൂർത്തീകരിക്കുന്നതിലേക്ക് അവരുടെ രക്ഷിതാക്കൾക്കും കൂടി വിവിധ പരിശീലനങ്ങൾ നൽകേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി നാല് വിഷയത്തിലുള്ള പരിശീലന പരിപാടി തുടക്കം കുറിച്ചു. (വിദ്യയോടൊപ്പം വളരട്ടെ കുട്ടികളുടെ ആരോഗ്യം, എങ്ങനെ ഒരു നല്ല രക്ഷിതാവാകാം, കുട്ടികൾ വൈ ഫൈ ആയിരിക്കുക. വൈവുകൾ പരക്കട്ടെ, മാറുന്ന കാലത്ത് കുട്ടിയും രക്ഷിതാവും) ഈ നാല് പരിശീലന പരിപാടി പൂർത്തീകരിക്കുന്നവർക്ക് പ്രത്യേക സർട്ടിഫിക്കറ്റ് നൽകുന്നതാണ് പദ്ധതി.

**ഹയർസെക്കണ്ടറി വിഭാഗം**

ലഹരിബോധവൽക്കരണത്തിന്റെ ഭാഗമായി സ്കൂളിന്റെ പരസരത്തുള്ള കടകളിലും വീടുകളിലും ലഘുലേഖ വിതരണം, പ്ലക്കാർഡ് നിർമ്മാണം, ക്ലാസ് സഭ, പെൺകുട്ടികൾക്ക് മാത്രമായി പ്രത്യേക ബോധവൽക്കരണം, ലഹരിക്കെതിരെ അണിചേരാം - കൈയ്യൊപ്പ് എന്നീ പരിപാടികളും നടന്നു.

# വിവിധ പരിപാടികളിൽ പങ്കെടുത്തവർ



**സുഗുണൻ.എം.**
ഡപ്യൂട്ടി എക്സൈസ്
കമ്മീഷ്ണർ കോഴിക്കോട്



**ഷിബു.പി.എൽ**
അസി: എക്സൈസ്
കമ്മീഷ്ണർ കമ്മീഷ്ണർ



**ഷൈലേഷ്.പി.എം.**
എക്സൈസ് ഇൻസ്പെക്ടർ
വടകര



**ഷൈലേഷ്കുമാർ.എം.എം.**
അസി: എക്സൈസ് ഇൻസ്പെക്ടർ
എക്സൈസ് ഇന്റലിജൻസ് ആന്റ്
ഇൻവെസ്റ്റിഗേഷൻ ബ്യൂറോ കോഴിക്കോട്



**ജയപ്രസാദ്.സി.കെ.**
അസി: എക്സൈസ്
ഇൻസ്പെക്ടർ
വടകര റെയ്ഞ്ച്



**മുഹമ്മദ് എം.**
എക്സൈസ് ഇൻസ്പെക്ടർ



**സന്തോഷ്കുമാർ.കെ**
സബ്ഇൻസ്പെക്ടർ ഓഫ്
പോലീസ് ഡിസ്ട്രിക്ട് സ്പെഷ്യൽ
ബ്രാഞ്ച് കോഴിക്കോട് റൂറൽ



**റഖീബ് മണിയൂർ**
എ.എസ്.ഐ.ഓഫ് പോലീസ്



**മുജീബ് റഹ്മാൻ.സി.എം.**
ഹെൽത്ത് സൂപ്പർവൈസർ



**പി.കെ.ആയിഷ**
വൈസ്പ്രസിഡണ്ട്
ആയഞ്ചേരി ഗ്രാമപഞ്ചായത്ത്



**ബീന.കെ.**
വേളം ഗ്രാമപഞ്ചായത്ത്
മെമ്പർ



**സമീർ. എ.കെ.**
അധ്യാപകൻ, പരിശീലകൻ



**അജിത്ത്കുമാർ.എം.കെ.**
ജൂനിയർ ഹെൽത്ത്
ഇൻസ്പെക്ടർ



**ഒ.ഹരിദാസൻ പള്ളിയത്ത്**
പ്രൊഫസർ മലയാളം ഡിപ്പാർട്ട്മെന്റ്
MH കോളേജ് കുറ്റ്യാടി



**കിളിയമ്മൽ കുഞ്ഞബ്ദുള്ള**
മുൻ അധ്യാപകൻ
RHS



**ടി.എം..രാജൻ**
മുൻ പി.ടി.എ. പ്രസിഡണ്ട്

# വിവിധ പരിപാടികളിൽ പങ്കെടുത്തവർ



**ടി.ശ്യാംലാൽ**
അഡീഷ്ണൽ എസ്.പി.
കോഴിക്കോട് റൂറൽ



**അനുശ്രീ**
എക്സൈസ് ഇൻസ്പെക്ടർ
സർക്കിൾ ഓഫീസ് വടകര



**പി.എം.ലീന**
ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്
തോടന്നൂർ



**എൻ.അബ്ദുൽഹമീദ്**
ആയഞ്ചേരി ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്



**എം.എം.നഷീദ ടീച്ചർ**
ആരോഗ്യസ്റ്റാന്റിംഗ്കമ്മിറ്റി
ചെയർപേഴ്സൻ തോടന്നൂർ ബ്ലോക്ക്



**യൂനുസ് വടകര**
അധ്യാപകൻ, പരിശീലകൻ



**ഡോ.ചെറിയാൻ**
സി.എച്ച്.സി. മെഡിക്കൽഓഫീസർ



**സജീവൻ**
ഹെൽത്ത് ഇൻസ്പെക്ടർ



**അശോകൻ**
ഹെൽത്ത് ഇൻസ്പെക്ടർ



**നൗഫൽ**
ജൂനിയർ ഹെൽത്ത് ഇൻ
സ്പെക്ടർ



**ടി.പി.സിറാജ്**
അധ്യാപകൻ, പരിശീലകൻ

# ലഹരിവിരുദ്ധ ദിനം

ലഹരി വിരുദ്ധ പ്രതിജ്ഞ

ലഹരി വിരുദ്ധ പാർലമെന്റ്

ഫ്ലാഷ് മോബ്

ചിത്രരചന മത്സരം

പ്രബന്ധരചനാ മത്സരം











# ജീവിതമാണ് ലഹരി – ഏകദിന ക്യാമ്പ്








## സ–സ (സ്റ്റുഡന്റ് എഗനിസ്റ്റ് സബ്സ്റ്റെൻസ് അബ്യൂസ്)

പ്രിയകുട്ടികളെ ജീവിതമാണ് ലഹരി, നമ്മളിലൂടെ പരിഹാരം









## മൻസൂഖി നശാ (പത്താംതരം ക്ലാസ് തല ബോധവത്ക്കരണം)





## മൻസൂഖി നശാ (ക്ലാസ് ടീച്ചറുടെ മുന്നിൽ പ്രതിജ്ഞ)





















## വിടരുംമുമ്പെ വാടാതിരിക്കാൻ – വെക്കേഷൻ ക്യാമ്പ് 2024









## വിടരുംമുമ്പേ വാടാതിരിക്കാൻ
## 8,9,10 ക്ലാസിലെ രക്ഷിതാക്കൾക്ക് ബോധവൽക്കരണം








## തെലുങ്കാനയിൽ വച്ച് നടന്ന നാഷണൽ സോഫ്റ്റ് ബെയ്സ് ബോൾ ചാമ്പ്യൻഷിപ്പിൽ കേരള ടീം വിജയിച്ചിരിക്കുന്നു...



കേരള ടീമിന്റെ അഭിമാനമായ നമ്മുടെ പ്ലസ് ടു കൊമേഴ്സിലെ
വിദ്യാർത്ഥി വൈശാഖിനെ വിമുക്തി ക്ലബ്ബ് അനുമോദിക്കുന്നു





## ലഹരിക്കെതിരെ ബോധവൽക്കരണം വിമുക്തി കേഡറ്റുകൾ ഫാമിലിയോടൊപ്പം പ്രതിജ്ഞ ചെയ്യുന്നു













# ഗ്രാമസഞ്ചാരം പള്ളിയത്ത്






# വീട്ടുമുറ്റം

## പള്ളിയത്ത്





## ചേറ്റുകെട്ടി





# വീട്ടുമുറ്റം

## വിമുക്തി കേഡറ്റ് റിദുൽ അശോകിന്റെ വീട്ടിൽ





## തേജിൽ കൃഷ്ണയുടെ വീട്ടിൽ





## മുഹമ്മദ് ഫന്നാന്റെ വീട്ടിൽ





## ആഘോഷങ്ങളിൽ ജാഗ്രത





# മാലിന്യമുക്തം നവകേരളം




## ഹരിതസഭ




## വലിച്ചെറിയൽ മുക്തവാരം






# ലഹരിവസ്തു മുക്ത വിദ്യാലയം - നവകേരളം

## കൊളാഷ്





## ക്ലാസ്സ് സഭ









## ക്ലാസ്സ് സഭ (HSS)





## ലഹരിക്കെതിരെ അണിചേരാം - കൊയ്യാപ്പ് & ലഘുലേഖ വിതരണം






## ഹരിതാമൃതം പദ്ധതി





## ബോധവൽക്കരണ ബോർഡ് & മിറർ









## ഉപഹാര സമർപ്പണം










## ക്ലബ്ബിന് ഉപഹാരം നൽകൽ



എക്സൈസ് ഡപ്യൂട്ടി കമ്മീഷ്ണർ സുഗുണൻ എം കൺവീനർക്ക് ഉപഹാരം നൽകുന്നു



എസ്.എസ്.എഫ് ആയഞ്ചേരി സെക്ടർ കമ്മിറ്റി ഉപഹാരം നൽകുന്നു.




എക്സൈസ് ഇൻസ്പെക്ടർ ഷൈലേഷ് പി.എം. ക്ലബ്ബിന് ഉപഹാരം നൽകുന്നു.



ഷഫീഖ് തറോപ്പൊയിൽ (യൂത്ത് ഫ്രണ്ട് ജേക്കബ് ജില്ലാപ്രസിഡണ്ട്)




പി.കെ.അസീസ് മാസ്റ്റർക്ക് പി.ടി.എ.പ്രസിഡണ്ട് മുനീർ രാമത്ത് ഉപഹാരം നൽകുന്നു




മാഗസിന് പേര് നിർദ്ദേശിച്ച ഇല്ല്യാസ് മാങ്ങോടിന് ഉപഹാരം നൽകുന്നു.

## ക്ലബ്ബിന് ഉപഹാരം നൽകൽ




അഡീഷണൽ എസ്.പി. ശ്യാംലാൽ സാന്നിധ്യത്തിൽ വാർഡ് മെമ്പർ ആയിഷടീച്ചർ ഉപഹാരം നൽകുന്നു

## ഗ്രാമ പഞ്ചായത്ത് ആദരം




ഷാഫി പറമ്പിൽ എം.പിയുടെ സാന്നിധ്യത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അബ്ദുൽഹമീദ് നൽകുന്നു.

## ബ്ലോക്ക് പഞ്ചായത്ത് ആദരം





ബ്ലോക്ക്പഞ്ചായത്ത് പ്രസിഡണ്ട് പി.എം.ലീന ഉപഹാരം നൽകുന്നു.

## കേഡറ്റുകൾക്ക് ബാഡ്ജ്




2024 - 25 വർഷത്തിൽ മികച്ച പ്രകടനം നടത്തിയ 11 കേഡറ്റുകൾക്ക് ബാഡ്ജ് നൽകി

## ജാഗ്രതസഭ





## വൈബ് @ 2025 ഏകദിന ക്യാമ്പ്





## പ്രകൃതി വിചാരങ്ങൾ





## പോസറ്റീവ് പാരന്റിങ്ങ്





## എക്സൈസ് ഡിപ്പാർട്ട്മെന്റ്, വിദ്യാഭ്യാസ വകുപ്പ്, സർക്കാറിലേക്ക് വിമുക്തി കേഡറ്റ് പദ്ധതി സമർപ്പിക്കുന്നു.









'ജലമാണ് ജീവൻ' പറവകൾക്ക് തണ്ണീർകുടം

## വിമുക്തി കേഡറ്റ് പ്രൊജക്ട് ടീം



മിഥുൻ പി.പി.



ഇല്ല്യാസ് മാങ്ങോട്



മുഹമ്മദ് സാലി പി.കെ.



ഈസാജാസിം.സി.എച്ച്




ഇല്ല്യാസ്.കെ.



അബ്ദുൽമജീദ്.പി.കെ



മുഹമ്മദ് സജാദ്.കെ.



മുർഷിദ.എ.



ലിസ്ന.വി.

# പത്രവാർത്തകൾ

## ലഹരിക്കെതിരെ റഹ്മാനിയയുടെ വേറിട്ട വഴി



റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ വിമുക്തി ക്ലബ് അംഗങ്ങൾ

**വടകര**

ലഹരിക്കെതിരെ വേറിട്ട വഴി തീർത്ത് ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ വിമുക്തി ക്ലബ്. എട്ടാം തരത്തിലെ തിരഞ്ഞെടുത്ത 24 വിദ്യാർഥികൾക്ക് ലഹരി പ്രതിരോധത്തിന് ആവശ്യമായ പരിശീലനങ്ങൾ നൽകി രണ്ടുവർഷം കൊണ്ട് പ്രവർത്തനസജ്ജമാക്കും. മൂന്ന് വർഷംകൊണ്ട് ഹൈസ്കൂൾ തലത്തിൽ 72 കുട്ടികളെ ലഹരിക്കെതിരെ പ്രവർത്തിക്കുന്ന സേവകരായി മാറ്റും.

കേരളത്തിൽ ആദ്യമായി രൂപീകരിച്ച ഏക യൂണിഫോം വിമുക്തി കേഡറ്റുകളാണ് റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂളിലേത്. 'ജീവിതമാണ് ലഹരി', 'വിടരും മുൻപേ വാടാതിരിക്കാൻ', 'നമ്മളിലൂടെ പരിഹാരം' തുടങ്ങിയ ക്യാമ്പുകൾ നടത്തി. കേഡറ്റുകളുടെ വീട്ടുമുറ്റം കേന്ദ്രീകരിച്ചും ലഹരിവിരുദ്ധ ക്ലാസ്സും പാഠങ്ങൾ നൽകുന്നുണ്ട്. ക്ലബ് കോ ഓർഡിനേറ്റർ അസീസാണ് പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നത്. എക്സൈസിന്റെയും പൊലീസിന്റെയും പൂർണ പിന്തുണയും സ്കൂളിന് ലഭിക്കുന്നുണ്ട്.

## ചന്ദ്രിക



ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കണ്ടറി സ്കൂൾ വിമുക്തി ക്ലബ്ബ് അംഗങ്ങൾ

### ലഹരിക്കെതിരെ വേറിട്ട പദ്ധതികളുമായി റഹ്മാനിയ സ്കൂൾ വിമുക്തി ക്ലബ്ബ്

ആയഞ്ചേരി: വിദ്യാലയത്തിനും നാടിനും മാതൃകയാവുകയാണ് ആയഞ്ചേരി റഹ്മാനിയ ഹയർസെക്കന്ററി സ്കൂളിലെ വിമുക്തി ക്ലബ്ബും അംഗങ്ങളും. ലഹരിയിൽ നിന്നും സ്വയം വിട്ടുനിൽക്കുക, സമൂഹത്തിൽ ലഹരി നിർമാർജനത്തിന്റെ പ്രചാരകരാവുക എന്ന ലക്ഷ്യത്തിലൂന്നി ആരംഭിച്ച വിമുക്തി ക്ലബ്ബ് ഇന്ന് വിവിധ പ്രവർത്തന മണ്ഡലങ്ങളിൽ സജീവമാണ്. വ്യത്യസ്തങ്ങളായ പ്രവർത്തന രീതികളാണ് ക്ലബ്ബ് അവലംബിച്ചിരിക്കുന്നത്. എട്ടാം തരത്തിലെ 24 വിദ്യാർഥികൾക്ക് ലഹരി പ്രതിരോധത്തിന് പരിശീലനം നൽകും. മൂന്ന് വർഷം കൊണ്ട് ഹൈസ്കൂൾ തലത്തിൽ 72 കുട്ടികൾ സേവന സജ്ജരാക്കുകയാണ് തുടർപദ്ധതി. കേരളത്തിലെ ആദ്യത്തെ ഏക യൂണിഫോം വിമുക്തികേഡറ്റുകളാണ് ഈ സ്കൂളിലേത്. 'ജീവിതമാണ് ലഹരി', 'വിടരും മുമ്പേ വാടാതിരിക്കാൻ', 'നമ്മളിലൂടെ പരിഹാരം' തുടങ്ങിയ ഏകദിന ക്യാമ്പുകൾ ഇതിനകം നടത്തി കഴിഞ്ഞു. മൻസൂരി നിശയിലൂടെ പത്താം ക്ലാസിലെ മുഴുവൻ വിദ്യാർഥികളും ഗുരുനാഥന്മാരുടെ മുന്നിൽ വച്ച് ലഹരിക്കെതിരെ പ്രതിജ്ഞ ചെയ്തു. സ്വന്തം കുടുംബത്തോടൊപ്പം ലഹരി വിരുദ്ധ പ്രതിജ്ഞ ചെയ്ത് വീട്ടുമുറ്റം കേന്ദ്രീകരിച്ചും ലഹരി വിരുദ്ധ സന്ദേശം നൽകും. സൂചന ബോർഡുകൾ സ്ഥാപിച്ചും വിവിധ രചന മത്സരങ്ങൾ സംഘടിപ്പിച്ചും ലഹരിക്കെതിരെയുള്ള തുടർ പ്രവർത്തനങ്ങൾ നടത്തും. കൂടാതെ മാലിന്യമുക്തി, ശുചിത്വ മിഷൻ പോലെയുള്ള പൊതു കാമ്പയിനുകളിലും വിമുക്തി ക്ലബ്ബ് സജീവമായി ഇടപെടുന്നുണ്ട്. ക്ലബ്ബ് കോർഡിനേറ്റർ അസീസിന്റെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടന്നുവരുന്നത്. എക്സൈസ്, പൊലീസ് ഡിപ്പാർട്ട്മെന്റുകളുടെ പ്രോത്സാഹനം പ്രവർത്തനങ്ങൾക്ക് പ്രചോദനമാവുകയാണ്.

Kozhikode Edition
Jan 11, 2025 Page No. 2
Powered by: erelego.com

## സിറാജ്
SIRAJ MALAYALAM DAILY SINCE 1984
16/01/2025 | KOZHIKODE | PAGE 04

### ലഹരിക്കെതിരെ വേറിട്ട വഴിയുമായി ആയഞ്ചേരി റഹ്മാനിയ്യ എച്ച് എസ് എസ്



ആയഞ്ചേരി റഹ്മാനിയ്യ എച്ച് എസ് എസിലെ വിമുക്തി കേഡറ്റുകൾ

വടകര | ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ മാതൃകാ പദ്ധതികൾ ആവിഷ്കരിച്ച് ആയഞ്ചേരി റഹ്മാനിയ്യ ഹയർ സെക്കൻഡറി സ്കൂളിലെ വിമുക്തി ക്ലബ് ശ്രദ്ധേയമാകുന്നു. സംസ്ഥാനത്തെ ഏക യൂനിഫോം സേനയെന്ന പ്രത്യേകതയോടെ സ്കൂളുകളിന്റെയും നാടിന്റെയും അഭിമാനമായി മാറിയിരിക്കുകയാണ് വിമുക്തി കേഡറ്റുകളും ക്ലബ് അംഗങ്ങളും.

ലഹരിയിൽ നിന്ന് സ്വയം വിട്ടുനിൽക്കുക, സമൂഹത്തിൽ ലഹരി നിർമാർജനത്തിന്റെ പ്രചാരകരാകുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച വിമുക്തി ക്ലബ് ഇന്ന് സമാനമായ വിവിധ പ്രവർത്തന മണ്ഡലങ്ങളിൽ സജീവ സാന്നിധ്യമായിരിക്കുകയാണ്. എട്ടാം തരത്തിൽ പഠിക്കുന്ന തിരഞ്ഞെടുത്ത 24 അംഗ വിമുക്തി കേഡറ്റുകൾക്ക് ലഹരി പ്രതിരോധത്തിന് ആവശ്യമായ പരിശീലനങ്ങൾ നൽകി രണ്ട് വർഷം കൊണ്ട് പ്രവർത്തന സജ്ജമാക്കുന്ന രീതിയാണ് നിലവിലുള്ളത്. മൂന്ന് വർഷം കൊണ്ട് ഹൈസ്കൂൾ തലത്തിൽ 72 കുട്ടികൾ ലഹരിക്കെതിരെ പ്രവർത്തിക്കുന്ന സേവകരായി മാറ്റുന്നതാണ് സ്കൂളിന്റെ ഈ തുടർപദ്ധതി ലക്ഷ്യം വെക്കുന്നത്. വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി 'ജീവിതമാണ് ലഹരി', 'വിടരും മുമ്പേ വാടാതിരിക്കാൻ', 'നമ്മളിലൂടെ പരിഹാരം' തുടങ്ങിയ ഏകദിന ക്യാമ്പുകൾ ഇതിനകം നടത്തിക്കഴിഞ്ഞു.

സ്വന്തം കുടുംബത്തോടൊപ്പം ലഹരിവിരുദ്ധ പ്രതിജ്ഞ ചെയ്തും ലഹരിവിരുദ്ധ ക്ലാസ്സും പാഠങ്ങൾ പകർന്നുനൽകിയും സ്കൂൾ കോമ്പൗണ്ടിൽ സൂചനാ ബോർഡുകൾ സ്ഥാപിച്ചും വിവിധ രചനാ മത്സരങ്ങൾ സംഘടിപ്പിച്ചും ലഹരിക്കെതിരെയുള്ള തുടർ പ്രവർത്തനങ്ങൾ നടത്താനാണ് ക്ലബിന്റെ പ്രവർത്തന രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്.

# പത്രവാർത്തകൾ

Mathrubhumi
മാതൃഭൂമി

## വിമുക്തി അവധിക്കാലക്യാമ്പ്



തറോപൊയിൽ റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂളിലെ വിമുക്തി ക്ലബ്ബ് സാ-സാ ഓണം അവധിക്കാലക്യാമ്പ് വി.കെ. കുഞ്ഞമ്മദ് ഉദ്ഘാടനംചെയ്യുന്നു

**ആയഞ്ചേരി▸** തറോപൊയിൽ റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂളിലെ വിമുക്തി ക്ലബ്ബ് സാ-സാ ഓണം അവധിക്കാലക്യാമ്പ് വി.കെ. കുഞ്ഞമ്മദ് ഉദ്ഘാടനംചെയ്തു. കൺവീനർ പി.കെ. അസീസ് അധ്യക്ഷത വഹിച്ചു. 'ജീവിതമാണ് ലഹരി' എന്ന വിഷയത്തിൽ വടകര എക്സൈസ് പ്രിവന്റീവ് ഓഫീസർ സി.കെ. ജയപ്രസാദ് ക്ലാസെടുത്തു.

'നമ്മളിലൂടെ പരിഹാരം' ചർച്ചാസംഗമത്തിന് വടകര എ.എസ്.ഐ. റഖീബ് മണിയൂർ നേതൃത്വംനൽകി. ലഹരിവിരുദ്ധ പാർലമെന്റ്, ഫ്ലാഷ് മോബ്, പോസ്റ്റർ പ്രദർശനം, ശിശുദിന അസംബ്ലി, ലഹരിവിരുദ്ധ സെമിനാർ, കുടുംബശ്രീ യൂണിറ്റ് നേതൃത്വത്തിൽ ബോധവത്കരണപരിപാടി എന്നിവ സംഘടിപ്പിക്കും.

എ. മുർഷിദ, പി. മാഷിത, ഫെബിൻ മുഹമ്മദ്, എം. ജോസഫ്, ഇസാ ജാസിം, പി. ലെയ്സ്, എ. ശ്രീനിഷ എന്നിവർ സംബന്ധിച്ചു.

25/09/2024 VADAKARA Pg 02

മാധ്യമം



ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ ലഹരിക്കെതിരെ കാമ്പയിൻ അസി. എക്സൈസ് കമീഷണർ പി.എൽ. ഷിബു ഉദ്ഘാടനം ചെയ്യുന്നു

## റഹ്മാനിയ സ്കൂൾ ലഹരിക്കെതിരെ കാമ്പയിൻ

**ആയഞ്ചേരി:** റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ വിമുക്തി ക്ലബിന്റെ ആഭിമുഖ്യത്തിൽ മൻസൂബി നശാ പരിപാടിയിൽ പത്തായിരം വിദ്യാർഥികൾ ലഹരിക്കെതിരെ ക്ലാസ് ടീച്ചറുടെ മുന്നിൽ പ്രതിജ്ഞ ചെയ്തു.

കൗമാരക്കാർക്ക് ലഹരി വിരുദ്ധസന്ദേശം എത്തിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. സ്കൂൾ ലീഡർ ആയിഷ നിസ് ഫ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അസി. എക്സൈസ് കമീഷണർ പി.എൽ. ഷിബു ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡന്റ് മുനീർ ഓമത്ത് അധ്യക്ഷത വഹിച്ചു.

എ.ഡി.ജി.പി എക്സൈസ് കമീഷണർ നൽകിയ സന്ദേശം ചടങ്ങിൽ അസി. എക്സൈസ് ഇൻസ്പെക്ടർ വടകര സി.കെ. ജയപ്രസാദ് പ്രിൻസിപ്പൽ കെ.പി. കമറുദ്ദീന് കൈമാറി. മാനേജർ ടി. മൊയ്തു, പി.കെ. അസീസ്, വി.കെ. കുഞ്ഞമ്മദ്, ടി.സത്യൻ, കെ. ജസീറ, എ.ടി.കെ.നസീർ, കെ.നാസർ, കെ.സി. മൊയ്തു, കെ. ബിജിഷ് എസ്.സാരംഗ്, ഇസാ ജാസിം സംസാരിച്ചു.

വി. ജ്യോതി ലക്ഷ്മി, എ. സലീന, ബി.അനീസ, പി.കെ. ലസിന, എ. മുർഷിദ, പി.അബൂലൈസ്, സി. ഫൈസൽ, ഇല്യാസ് എന്നിവർ സംബന്ധിച്ചു.

## വിമുക്തി ക്ലബ് അവധിക്കാല ക്യാംപ്

**ആയഞ്ചേരി●** റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂളിലെ വിമുക്തി ക്ലബ് അവധിക്കാല ക്യാംപ് വി.കെ.കുഞ്ഞമ്മദ് ഉദ്ഘാടനം ചെയ്തു. കൺവീനർ പി.കെ.അസീസ് അധ്യക്ഷത വഹിച്ചു. എക്സൈസ് പ്രിവന്റീവ് ഓഫിസർ സി.കെ.ജയപ്രസാദ് ക്ലാസെടുത്തു. ചർച്ച സംഗമത്തിന് റഖീബ് മണിയൂർ നേതൃത്വം നൽകി. എ.മുർഷിത, പി.മാഷിത, ഫെബിൻ മുഹമ്മദ്, എം.ജോസഫ്, ഇസാ ജാസിം, പി.ലെയ്സ്, എ.ശ്രീനിഷ എന്നിവർ പ്രസംഗിച്ചു.

## വിമുക്തി അവധിക്കാല ക്യാമ്പ്

**ആയഞ്ചേരി |** തറോപൊയിൽ റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂളിലെ വിമുക്തി ക്ലബിന്റെ ആഭിമുഖ്യത്തിൽ ഓണം അവധിക്കാല ക്യാമ്പ് വി കെ കുഞ്ഞമ്മദ് ഉദ്ഘാടനം ചെയ്തു. കൺവീനർ പി കെ അസീസ് അധ്യക്ഷത വഹിച്ചു. വടകര എക്സൈസ് പ്രിവന്റീവ് ഓഫീസർ ജയപ്രസാദ് സി കെ ക്ലാസ്സിന് നേതൃത്വം നൽകി.

ചർച്ചാ സംഗമത്തിന് വടകര എ എസ് ഐ റഖീബ് മണിയൂർ നേതൃത്വം നൽകി. പരിപാടിയിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകി. മുർശിദ എ, മാശിത പി, ഫെബിൻ മുഹമ്മദ്, ജോസഫ് എം, ഇസാ ജാസിം, ലെയ്സ് പി ശ്രീനീഷ എ സംബന്ധിച്ചു.

# പത്രവാർത്തകൾ

## ചന്ദ്രിക

### റഹ്മാനിയ്യയിൽ ലഹരിക്കെതിരെ പ്രതിജ്ഞയെടുത്ത് വിദ്യാർത്ഥികൾ

ആയഞ്ചേരി: റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ വിമുക്തി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മൻസ്വുഖി നശാ പരിപാടിയിൽ പത്താംതരം വിദ്യാർത്ഥികൾ ലഹരിക്കെതിരെ ക്ലാസ് ടീച്ചറുടെ മുന്നിൽ പ്രതിജ്ഞ ചെയ്തു. കൗമാരപ്രായക്കാർക്ക് ലഹരി വിരുദ്ധ സന്ദേശം എത്തിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. സ്കൂൾ ലീഡർ ആയിഷ നിസ്ഹ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അസി.എക്സൈസ് കമ്മിഷണർ ഷിബു പി.എൽ ഉദ്ഘാടനം ചെയ്തു. ലഹരി വിരുദ്ധ പ്രതിജ്ഞാപത്രം വിദ്യാർത്ഥികൾക്ക് നൽകി. സ്കൂളുകളിൽ ആദ്യമായി വിമുക്തി കേഡറ്റുകൾക്ക് പ്രത്യേക യൂണിഫോം ക്യാപ്റ്റൻ സാരംഗ് എസ്.ന് നൽകിക്കൊണ്ട് അദ്ദേഹം നിർവഹിച്ചു. മുനീർ രാമത്ത് അധ്യക്ഷനായി. പി കെ അസീസ് ആമുഖപ്രഭാഷണം നടത്തി. വി കെ കുഞ്ഞമ്മദ്, ഖമറുദ്ദീൻ കെ.പി.ജയപ്രസാദ് സി.കെ, മൊയ്തു ടി,സത്യൻ ടി.സി.ജസീറ കെ. നസീർ എ.ടി.കെ, നാസർ കെ, കെ.സി മൊയ്തു, ബിജീഷ് കെ, സാരംഗ് എസ്, ഇസാ ജാസിം, വി.ജ്യോതി ലക്ഷ്മി, സലിന എ, അനീസ ബി. ലസിന പി.കെ, മുർഷിദ എ, ലൈസ് പി, ഫൈസൽ സി. ഇല്യാസ് കെ. സംസാരിച്ചു.



ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കണ്ടറി സ്കൂളിൽ ലഹരിക്കെതിരെ കാമ്പയിൻമൻ സുഖി നശാ അസി. എക്സൈസ് കമ്മിഷണർ ഷിബു. പി. എൽ. ഉദ്ഘാടനം ചെയ്യുന്നു.

Kozhikode Edition
Dec 01, 2024 Page No. 2
Powered by: erelego.com

---

### ലഹരിക്കെതിരെ അധ്യാപകരുടെ മുൻപിൽ വിദ്യാർഥികൾ പ്രതിജ്ഞയെടുത്തു

ആയഞ്ചേരി ● ലഹരിക്കെതിരെ അധ്യാപകരുടെ മുൻപിൽ പ്രതിജ്ഞയെടുത്ത് വിദ്യാർഥികൾ. റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികളാണ് വിമുക്തി ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്ന മൻസുഖി നശാ എന്ന ലഹരി വിമുക്ത പരിപാടിയിൽ പ്രതിജ്ഞയെടുത്തത്. എക്സൈസ് അസിസ്റ്റന്റ് കമ്മിഷണർ പി.എൽ.ഷിബു ഉദ്ഘാടനം ചെയ്തു. ലഹരി വിരുദ്ധ പ്രതിജ്ഞാപത്രം അദ്ദേഹം വിതരണം ചെയ്തു. ലഹരി വിരുദ്ധ സന്ദേശം അടങ്ങിയ പ്രതിജ്ഞ സ്കൂൾ ലീഡർ ആയിഷ നിസ്ഹ ചൊല്ലിക്കൊടുത്തു. വിമുക്തി കെഡറ്റുകൾക്കുള്ള പ്രത്യേക യൂണിഫോം ക്യാപ്റ്റൻ എസ്.സാരംഗിന് നൽകി.

പ്രിൻസിപ്പൽ കെ.പി.കമറുദ്ദീന് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ സി.കെ.ജയപ്രസാദ് സന്ദേശം കൈമാറി. ശിവന്യയും സംഘവും വിമുക്ത ഗാനം ആലപിച്ചു. പിടിഎ പ്രസിഡന്റ് മുനീർ രാമത്ത് അധ്യക്ഷത വഹിച്ചു. പി.കെ.അസീസ് ആമുഖ പ്രഭാഷണം നടത്തി. മാനേജർ ടി.മൊയ്തു, വി.കെ.കുഞ്ഞമ്മദ്, ടി.സി.സത്യൻ, കെ.ജസീറ, എ.ടി.കെ.നസീർ, കെ.നാസർ, കെ.സി.മൊയ്തു, കെ.ബിജീഷ്, ഇസാ ജാസിം എന്നിവർ പ്രസംഗിച്ചു. 'വിടരും മുൻപെ വാടാതിരിക്കാൻ' വെക്കേഷൻ ക്യാംപിന്റെ ലോഗോ പ്രകാശനം ചെയ്തു.

---

## സുപ്രഭാതം

### ലഹരിക്കെതിരേ പ്രതിജ്ഞയെടുത്ത് വിദ്യാർഥികൾ

ആയഞ്ചേരി ▸ റഹ്മാനിയ ഹയർ സെക്കന്ററി സ്കൂൾ വിമുക്തി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 'മൻസുഖി നശാ' അസി. എക്സൈസ് കമ്മിഷണർ ഷിബു പി.എൽ ഉദ്ഘാടനം ചെയ്തു. കൗമാര പ്രായത്തിലുള്ളവരിലേക്ക് ലഹരി വിരുദ്ധ സന്ദേശം എത്തിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. വിമുക്തി കേഡറ്റുകൾക്ക് പ്രത്യേക യൂണിഫോം ക്യാപ്റ്റൻ എസ്. സാരംഗിന് നൽകി. പി.ടി.എ. പ്രസിഡന്റ് മുനീർ രാമത്ത് അധ്യക്ഷനായി. വിദ്യാർഥികൾ ലഹരിക്കെതിരെ പ്രതിജ്ഞയെടുത്തു. സ്കൂൾ ലീഡർ ആയിഷ നിസ്ഹ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

എ.ഡി.ജി.പിയും എക്സൈസ് കമ്മിഷണറും നൽകിയ സന്ദേശം വടകര അസി. എക്സൈസ് ഇൻസ്പെക്ടർ സി.കെ. ജയപ്രസാദ് പ്രിൻസിപ്പൽ കെ.പി. കമറുദ്ദീന് കൈമാറി. മാനേജർ ടി.മൊയ്തു, പി.കെ അസീസ്, വി.കെ കുഞ്ഞമ്മദ്, ടി.സി സത്യൻ, കെ.ജസീറ, എ.ടി.കെ നസീർ, കെ. നാസർ, കെ.സി മൊയ്തു, കെ. ബിജീഷ്, ഈസാജാസിം, വി.ജ്യോതി ലക്ഷ്മി, എ.സലിന, ബി. അനീസ, പി.കെ ലസിന, എ.മുർഷിദ, ടി.എം ലൈസ്, സി. ഫൈസൽ, കെ.ഇല്യാസ് സംസാരിച്ചു.



ആയഞ്ചേരി റഹ്മാനിയ്യ ഹൈസ്കൂളിൽ മൻസുഖി നശാ പരിപാടി അസി. എക്സൈസ് കമ്മിഷണർ ഷിബു ഉദ്ഘാടനം ചെയ്യുന്നു

Kozhikode Edition
Date : 12/4/2024 , Page : 15

---

## Mathrubhumi മാതൃഭൂമി

### ലഹരിക്കെതിരേ പ്രതിജ്ഞചെയ്ത് വിദ്യാർഥികൾ

ആയഞ്ചേരി ▸ ലഹരിക്കെതിരേ പ്രതിജ്ഞചെയ്ത് ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികൾ. വിമുക്തി ക്ലബ് നടത്തിയ മൻസുഖി നശാ പരിപാടിയിലാണ് പത്താംതരം വിദ്യാർഥികൾ ലഹരിക്കെതിരേ ക്ലാസ് ടീച്ചറുടെ മുന്നിൽ പ്രതിജ്ഞചെയ്തത്. കൗമാരപ്രായത്തിലുള്ളവരിലേക്ക് ലഹരിവിരുദ്ധ സന്ദേശം എത്തിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. സ്കൂൾ ലീഡർ ആയിഷ നിസ്ഹ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അസിസ്റ്റന്റ് എക്സൈസ് കമ്മിഷണർ പി.എൽ. ഷിബു ഉദ്ഘാടനംചെയ്തു. ലഹരിവിരുദ്ധ പ്രതിജ്ഞാപത്രം വിദ്യാർഥികൾക്ക് നൽകി. സ്കൂളുകളിൽ ആദ്യമായി വിമുക്തി കാഡറ്റുകൾക്ക് പ്രത്യേക യൂണിഫോം നൽകുന്നതിന്റെ ഭാഗമായി ക്യാപ്റ്റൻ എസ്. സാരംഗിന് യൂണിഫോം നൽകി.



● മൻസുഖി നശാ അസിസ്റ്റന്റ് എക്സൈസ് കമ്മിഷണർ പി.എൽ. ഷിബു ഉദ്ഘാടനംചെയ്യുന്നു

പരിപാടിക്ക് എ.ഡി.ജി.പി. ആൻഡ് എക്സൈസ് കമ്മിഷണർ നൽകിയ സന്ദേശം ചടങ്ങിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ സി.കെ. ജയപ്രസാദ് പ്രിൻസിപ്പൽ കെ.പി. കമറുദ്ദീന് കൈമാറി. വിടരുംമുൻപെ വാടാതിരിക്കാൻ വെക്കേഷൻ ക്യാമ്പിന്റെ ലോഗോ പ്രകാശനം ചടങ്ങിൽ നിർവഹിച്ചു. പി.ടി.എ. പ്രസിഡന്റ് മുനീർ രാമത്ത് അധ്യക്ഷനായി. മാനേജർ ടി. മൊയ്തു, പി.കെ. അസീസ്, വി.കെ. കുഞ്ഞമ്മദ്, കെ.പി. കമറുദ്ദീൻ, സി.കെ. ജയപ്രസാദ്, ടി. മൊയ്തു, ടി.സി. സത്യൻ, കെ. ജസീറ, എ.ടി.കെ. നസീർ എന്നിവർ സംസാരിച്ചു.

04/12/2024 VADAKARA Pg 13

# പത്രവാർത്തകൾ

## വെക്കേഷൻ ക്യാമ്പ്

ആയഞ്ചേരി: റഹ്മാനിയ ഹയർ സെക്കണ്ടറി സ്കൂൾ ആയഞ്ചേരി വിമുക്തി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 'വിടരും മുമ്പേ വാടാതിരിക്കാൻ ' വെക്കേഷൻ ക്യാമ്പ് നടത്തി. ഹെഡ്മാസ്റ്റർ വടക്കയിൽ കുഞ്ഞമ്മദ് ഉദ്ഘാടനം ചെയ്തു. റഖീബ് മണിയൂർ, പി.കെ അസീസ് ക്ലാസിന് നേതൃത്വം നൽകി. വിമുക്തി എംബ്ലം പതിച്ച പ്രത്യേക യൂണിഫോം അണിഞ്ഞ് ഇരുപത്തിനാല് വിദ്യാർത്ഥികൾ വിമുക്തി കേഡറ്റിന്റെ ഭാഗമായി. ആദ്യാമായാണ് സ്കൂളിൽ ഇത്തരം യൂണിഫോം ധരിച്ച് ലഹരി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നത്.സ്കൂൾ കോമ്പൗണ്ടിൽ ലഹരി വിരുദ്ധ സന്ദേശ ബോർഡുകൾ സ്ഥാപിക്കുന്നതിന്റെ ഉദ്ഘാടനം ക്യാമ്പിന്റെ ഭാഗമായി നിർവഹിച്ചു.ചടങ്ങിൽ മുഹമ്മദ് ടി,ഫൈസൽ സി, മുർഷിദ എ, സജാദ് കെ , ഇല്യാസ് കെ, അൻഫാസ് എ കെ , തംജീദ് പി.ശ്രീനിഷ, സാരംഗ് എസ് സംബന്ധിച്ചു.

Kozhikode Edition
Dec 22, 2024 Page No. 2
Powered by: erelego.com

## വിമുക്തി കെഡറ്റുമായി റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ

വടകര● ലഹരിക്ക് എതിരെ ബോധവൽക്കരണം ഉൾപ്പെടെ പ്രവർത്തനങ്ങൾ നടത്താൻ വിമുക്തി കെഡറ്റുമായി ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ. 24 വിദ്യാർഥികളാണ് വൊളന്റിയർമാരായി ഉള്ളത്. വിമുക്തി ക്ലബ്ബിന്റെ നേതൃത്വത്തിൽ അവധിക്കാല ക്യാംപ് സംഘടിപ്പിച്ചു. ക്യാംപ് ഹെഡ്മാസ്റ്റർ വടക്കയിൽ കുഞ്ഞമ്മദ് ഉദ്ഘാടനം ചെയ്തു. റഖീബ് മണിയൂർ, പി.കെ.അസീസ് എന്നിവർ ക്ലാസ് എടുത്തു. ടി.മുഹമ്മദ്, സി. ഫൈസൽ, എ.മുർഷിദ, കെ. സജാദ്, കെ.ഇല്യാസ്, എ.കെ. അൻഫാസ്, പി.തംജീദ്, കെ. ശ്രീനിഷ, എസ്.സാരംഗ് എന്നിവർ പ്രസംഗിച്ചു.

## 'വിടരും മുമ്പേ വാടാതിരിക്കാൻ' വെക്കേഷൻ ക്യാമ്പ് നടത്തി

ആയഞ്ചേരി | റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ ആയഞ്ചേരി വിമുക്തി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 'വിടരും മുമ്പേ വാടാതിരിക്കാൻ' വെക്കേഷൻ ക്യാമ്പ് നടത്തി. പ്രധാനാധ്യാപകൻ വടക്കയിൽ കുഞ്ഞമ്മദ് ഉദ്ഘാടനം ചെയ്തു. റഖീബ് മണിയൂർ, പി കെ അസീസ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. വിമുക്തി എംബ്ലം പതിച്ച പ്രത്യേക യൂനിഫോം അണിഞ്ഞ് 24 വിദ്യാർഥികൾ വിമുക്തി കേഡറ്റിന്റെ ഭാഗമായി. കേരളത്തിൽ ആദ്യമായാണ് സ്കൂളിൽ ഇത്തരം യൂനിഫോം ധരിച്ച് ലഹരി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നത്.

കോമ്പൗണ്ടിൽ ലഹരി വിരുദ്ധ സന്ദേശ ബോർഡുകൾ സ്ഥാപിക്കുന്നതിന്റെ ഉദ്ഘാടനം ക്യാമ്പിന്റെ ഭാഗമായി നിർവഹിച്ചു.

## വലിച്ചെറിയൽ മുക്ത വാരം തുടങ്ങി

വടകര

ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ വിമുക്തി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മാലിന്യ മുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി 'വലിച്ചെറിയൽ മുക്ത വാരം' പദ്ധതിക്ക് തുടക്കമായി. വടക്കയിൽ കുഞ്ഞമ്മദ് ഉദ്ഘാടനം ചെയ്തു. പി കെ അസീസ്, എ ടി കെ നസീർ, ശ്രീഭാവന, ആയിഷ നിസ്വ, എസ് സാരംഗ് എന്നിവർ സംസാരിച്ചു.

## മാലിന്യ മുക്ത കേരളം: പരിശീലനം നടത്തി

## വലിച്ചെറിയൽ മുക്ത വാരം പദ്ധതിക്ക് തുടക്കം

ആയഞ്ചേരി: റഹ്മാനിയ ഹയർ സെക്കണ്ടറി സ്കൂൾ ആയഞ്ചേരി വിമുക്തി ക്ലബ്ബ് മാലിന്യമുക്ത നവകേരളത്തിനായി ജനകീയ കാമ്പയിൻ ഭാഗമായി 'വലിച്ചെറിയൽ മുക്ത വാരം 'പദ്ധതിക്ക് തുടക്കമായി. ഹെഡ്മാസ്റ്റർ വടക്കയിൽ കുഞ്ഞമ്മദ് ഉദ്ഘാടനം ചെയ്തു. മാലിന്യ സംസ്കരണം ഉറപ്പു വരുത്തുക, പൊതുനിരത്തിലേക്ക് മാലിന്യം വലിച്ചെറിയുന്നത് ഒഴിവാക്കുക, വൃത്തിയും, സൗന്ദര്യവുമുള്ള സ്കൂൾ കാമ്പസ് സൃഷ്ടിക്കുക, തുടങ്ങിയവയാണ് വലിച്ചെറിയൽ മുക്തവാരം കാമ്പയിൻ ലക്ഷ്യമിടുന്നത്. ക്ലാസ് ലീഡർ, ശുചിത്വ മന്ത്രി, വിവിധ ക്ലബ്ബ് കൺവീനർമാർക്ക് പരിശീലനം നൽകി.ക്ലാസ്സ് തല ബോധവൽക്കരണം, ഹരിത സഭ, ക്ലീൻ ക്യാമ്പസ്, ഹരിത ഗ്രഹം പദ്ധതി, ഹരിത വിദ്യാലയ അസംബ്ലി തുടങ്ങിയ പരിപാടികൾ ക്യാമ്പയിൻ ന്റെ ഭാഗമായി നടക്കും.പി.കെ അസീസ്,നസീർ എ.ടി.കെ, ശ്രീ ഭാവന, ആയിഷ നിസ് വ, സാരംഗ് എസ്. സംബന്ധിച്ചു.

# പത്രവാർത്തകൾ

മാധ്യമം



മാലിന്യമുക്ത നവകേരളത്തിനായി ജനകിയ കാമ്പയിൻ വലിച്ചെറിയൽ മുക്ത വാരം സ്കൂൾ തല പ്രഖ്യാപനം പ്രധാനാധ്യാപകൻ നിർവഹിക്കുന്നു.

## വലിച്ചെറിയൽ മുക്ത വാരം പദ്ധതിക്ക് തുടക്കം

**ആയഞ്ചേരി:** റഹ്മാനിയ ഹയർസെക്കൻഡറി സ്കൂൾ ആയഞ്ചേരി വിമുക്തി ക്ലബിന്റെ ആഭിമുഖ്യത്തിൽ മാലിന്യമുക്ത നവകേരളത്തിനായി ജനകിയ കാമ്പയിൻ ഭാഗമായി 'വലിച്ചെറിയൽ മുക്ത വാരം "പദ്ധതതിക്ക് തുടക്കമായി.

വടക്കയിൽ കുഞ്ഞമ്മദ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. മാലിന്യ സംസ്കരണം ഉറപ്പു വരുത്തുക, പൊതുനിരത്തിലേക്ക് മാലിന്യം വലിച്ചെറിയുന്നത് ഒഴിവാക്കുക, വൃത്തിയും സൗന്ദര്യവുമുള്ള സ്കൂൾ കാമ്പസ് സൃഷ്ടിക്കുക തുടങ്ങിയവയാണ് വലിച്ചെറിയൽ മുക്ത വാരം കാമ്പയിൻ ലക്ഷ്യമിടുന്നത്. ക്ലാസ് ലീഡർ, ശുചിത്വ മന്ത്രി, വിവിധ ക്ലബ് കൺവീനർമാർക്ക് പരിശീലനം നൽകി. ക്ലാസ് തല ബോധവത്ക്കരണം, ഹരിത സഭ, ക്ലീൻ കാമ്പസ്, ഹരിത ഗ്രഹം പദ്ധതി, ഹരിത വിദ്യാലയ അസംബ്ലി തുടങ്ങിയ പരിപാടികൾ കാമ്പയിന്റെ ഭാഗമായി നടക്കും. പി.കെ. അസീസ്,എ.ടി.കെ നസീർ,ഭാവന, ആയിഷ നിസ് വ, എസ്.സാരംഗ് തുടങ്ങിയവർ സംബന്ധിച്ചു.

06/01/2025 | KOZHIKODE | Page : 4
Source : https://epaper.madhyamam.com

## ഹരിത സഭ

ആയഞ്ചേരി: റഹ്മാനിയ ഹയർ സെക്കന്ററി സ്കൂൾ ആയഞ്ചേരി വിമുക്തി ക്ലബ്ബിന്റ ആഭിമുഖ്യത്തിൽ ഹരിത സഭ നടത്തി. ജെ.ഐ അജിത്ത് കുമാർ എം.ടി ഉദ്ഘാടനം ചെയ്തു. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ മാതൃകകളായി വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റുക, അതിനുള്ള സംവിധാനങ്ങൾ വിദ്യാലയങ്ങിൽ ഉറപ്പാക്കുക എന്നിവ ലക്ഷ്യം വെച്ചാണ് ഹരിത സഭ സംഘടിപ്പിച്ചത്. സ്കൗട്ട് & ഗൈഡ്സ്, വിമുക്തി, ലിറ്റിൽ കൈറ്റ്സ്, ജെ.ആർ.സി ശുചിത്വ ക്ലബ്, യൂണിറ്റുകൾ, ഹരിതസഭ അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു. പി.ടി.എ പ്രസിഡന്റ് മുനിർ രാമത്ത് അധ്യക്ഷനായി. വി.കെ.കുഞ്ഞമ്മദ്, അഷറഫ് സി. എൻ പി.കെ അസീസ്, മിഹ്റൂൻ പി.പി, മുർഷിദ എ, മാഷിദ എം.പി, ഇല്യാസ് കെ, ഷാന.കെ സംബന്ധിച്ചു

Kozhikode Edition
Jan 07, 2025 Page No. 2
Powered by: erelego.com

## ഹരിതസഭ നടത്തി

വടകര| ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ വിമുക്തിക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി ഹരിതസഭ നടത്തി. അജിത്ത് കുമാർ എം ടി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഉദ്ഘാടനം ചെയ്തു. അജിത്ത് ക്ലാസ്സിന് നേതൃത്വം നൽകി. പി ടി എ പ്രസിഡന്റ് മുനീർ രാമത്ത് അധ്യക്ഷത വഹിച്ചു.

## ഗ്രാമ സഞ്ചാരം നടത്തി

ആയഞ്ചേരി: റഹ്മാനിയ ഹയർ സെക്കന്ററി സ്കൂൾ ആയഞ്ചേരി വിമുക്തി ക്ലബ്ബിന്റ ആഭിമുഖ്യത്തിൽ ഗ്രാമ സഞ്ചാരം പരിപാടി നടത്തി. ലഹരിയുടെ ഉപയോഗവും വിതരണവും വ്യാപകമാവുകയും സൈബർ തട്ടിപ്പുകൾ വർധിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ബോധവൽക്കരണത്തിന്റെ ഭാഗമായി ഗ്രാമസഞ്ചാരം നടത്തുന്നത്. ഇതിന്റെ ഭാഗമായി 30 ന് ചേരാപുരം എം.എൽ.പി സ്കൂളിൽ വിട്ട് മുറ്റം എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ സുഗുണൻ എം ഉദ്ഘാടനം ചെയ്യും. പള്ളിയത്ത് നടന്ന ഗ്രാമ സഞ്ചാരം പരിപാടി ആറാം ക്ലാസ് വിദ്യാർത്ഥി മുഹമ്മദ് ബാസിം ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ ബീന കെ മുഖ്യപ്രഭാഷണം നടത്തി. ഒ.ഹരിദാസൻ മാസ്റ്റർ, അഷ്റഫ് സി, ശശി കെ, ഇബ്രാഹിം പി, നൗഷാദ് വേളം, പി.കെ അസിസ്, നസീർ എ.ടി.കെ, ഫെബിൻ മുഹമ്മദ്, ഇസാ ജാസിം, സാരംഗ് എസ് സംബന്ധിച്ചു.

യി

എ ഉദ്
്പ്പള്ളി
സെത
ാം നട
ുഹമ്മ
. ലിഗ്
വതരി
l മുഹ
l, ജന.
ൺവി
ടുത്തു.



ആയഞ്ചേരി റഹ്മാനിയ സ്കൂൾ വിമുക്തി ക്ലബ്ബിന്റ ആഭിമുഖ്യത്തിൽ നടന്ന ഗ്രാമ സഞ്ചാരം പരിപാടിയിൽ സ്കൂൾ വിദ്യാർത്ഥി മുഹമ്മദ് ബാസിം സംസാരിക്കുന്നു

Kozhikode Edition

# പത്രവാർത്തകൾ

## ലഹരിക്കെതിരെ ഗ്രാമ സഞ്ചാരം

ആയഞ്ചേരി | റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ ആയഞ്ചേരി വിമുക്തി ക്ലബ്ബിന്റ ആഭിമുഖ്യത്തിൽ ഗ്രാമസഞ്ചാരം നടത്തി.

വിദ്യാർഥി കളിലും യുവാക്കളിലും ലഹരിയുടെ ഉപയോഗവും വിതരണവും വ്യാപകമാവുകയും സൈബർ തട്ടിപ്പുകൾ വർധിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ബോധവത്കരണത്തിന്റെ ഭാഗമായി ഗ്രാമസഞ്ചാരം നടത്തിയത്.

പള്ളിയത്ത് നടന്ന ഗ്രാമ സഞ്ചാരം വാർഡ് മെമ്പർ ബീന കെ ഉദ്ഘാടനം ചെയ്തു. ഒ ഹരിദാസൻ മാസ്റ്റർ മുഖ്യ പ്രഭാഷണം നടത്തി. അശ്റഫ് സി, ശശി കെ, ഇബ്റാഹീം പി, നൗശാദ് വേളം, പി കെ അസിസ്, നസീർ എ ടി കെ, ഫെബിൻ മുഹമ്മദ്, ഇസാ ജാസിം, സാരംഗ് എസ് സംബന്ധിച്ചു.

ദേശാഭിമാനി

# ചന്ദ്രിക




ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കണ്ടറി സ്കൂൾവീട്ട് മുറ്റം പരിപാടി ഡെപ്യൂട്ടി എക്സൈസ് കമ്മീഷ്ണർ സുഗുണൻ എം ഉദ്ഘാടനം ചെയ്യുന്നു

## വീട്ട് മുറ്റം പരിപാടി

ആയഞ്ചേരി: റഹ് മാനിയ ഹയർ സെക്കൻഡറി സ്കൂൾ ആയഞ്ചേരി വിമുക്തി ക്ലബ്ബിന്റ ആഭിമുഖ്യത്തിൽ വീട്ട് മുറ്റംനാളെയുടെ കരുതൽ പരിപാടി നടത്തി. വിദ്യാർതഥികളിലും യുവാക്കളിലും ലഹരിയുടെ ഉപയോഗവും വിതരണവും വ്യാപകമാവുകയും സൈബർ തട്ടിപ്പുകൾ വർധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ രക്ഷിതാക്കളെ ബോധവൽക്കരണത്തിന്റെ ഭാഗമായി വീട്ട് മുറ്റം പരിപാടി നടക്കുന്ന് . കടമേരി, ആയഞ്ചേരി, കാക്കുനി,പൈങ്ങോട്ടായി എന്നി ഭാഗങ്ങ ളിൽ പരിപാടി നടക്കും.പള്ളിയത്ത് ചേരാപുരം എംഎൽപി സ്കൂളിൽ വീട്ട് മുറ്റം കോഴിക്കോട് എക്സൈസ് ഡെപ്യൂട്ടി കമ്മിഷണർ സുഗുണൻ എം ഉദ്ഘാടനം ചെയ്തു.വിമുക്തി കേഡറ്റുകളുടെ ഹരിതാമൃതം പദ്ധതിയുടെ ഉദ്ഘാടനം അദ്ദേഹം നിർ വഹിച്ചു.സമീർ വേളം ക്ലാസിന് നേതൃത്വം നൽകി. കെ സി മൊയ്തു, പി കെ അസിസ് മാസ്റ്റർ,ഷൈലേഷ് കുമാർ എം.എം,കെ.സി മൊയ്തു, ടി.രാജൻ, ഫെബിൻ മുഹമ്മദ്, പി.കെ അസിസ്, ആരിഫ് പി. മാഷിത എം.പി, ഹസീന വി.കെ,സജാദ് കെ,സാരംഗ് എസ്, ദിയ ലക്ഷ്മി സംബന്ധിച്ചു.

Kozhikode Edition
Feb 02, 2025 Page No. 2
Powered by: erelego.com

## വീട്ടുമുറ്റം നാളെയുടെ കരുതൽ

ആയഞ്ചേരി

റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ വിമുക്തി ക്ലബ് ആഭിമുഖ്യത്തിൽ 'വീട്ട് മുറ്റം നാളെയുടെ കരുതൽ' പരിപാടി നടത്തി. വിദ്യാർഥികളിലും ലഹരി ഉപയോഗവും വിതരണവും വ്യാപകമാവുകയും സൈബർ തട്ടിപ്പുകൾ വർധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ രക്ഷിതാക്കളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായാണ് പരിപാടി നടത്തിയത്. കോഴിക്കോട് എക്സൈസ് ഡെപ്യൂട്ടി കമീഷണർ എം സുഗുണൻ ഉദ്ഘാടനം ചെയ്തു. പി കെ അസീസ്, എം എം ഷൈലേഷ് കുമാർ, കെ സി മൊയ്തു, ടി രാജൻ, ഫെബിൻ മുഹമ്മദ് തുടങ്ങിയവർ സംസാരിച്ചു.




'വീട്ടുമുറ്റം നാളെയുടെ കരുതൽ' പരിപാടി ഡെപ്യൂട്ടി എക്സൈസ് കമീഷണർ എം സുഗുണൻ ഉദ്ഘാടനം ചെയ്യുന്നു

## ക്ലാസ്സ് സഭ നടത്തി

വടകര |ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കണ്ടറി സ്കൂൾ ലഹരിമുക്ത വിദ്യാലയം നവകേരളം പദ്ധതിയുടെ ഭാഗമായി ക്ലാസ്സ് സഭ നടത്തി. സ്കൂൾതല ഉദ്ഘാടനം ഹെഡ് മാസ്റ്റർ വി കെ കുഞ്ഞമ്മദ് നിർവഹിച്ചു.

# പത്രവാർത്തകൾ

ദേശാഭിമാനി

## വീട്ടുമുറ്റം നാളെയുടെ കരുതൽ

ആയഞ്ചേരി

റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ വിമുക്തി ക്ലബ് ആഭിമുഖ്യത്തിൽ 'വീട്ട് മുറ്റം നാളെയുടെ കരുതൽ' പരിപാടി നടത്തി. വിദ്യാർഥികളിലും ലഹരി ഉപയോഗവും വിതരണവും വ്യാപകമാവുകയും സൈബർ തട്ടിപ്പുകൾ വർധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ രക്ഷിതാക്കളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായാണ് പരിപാടി നടത്തിയത്. കോഴിക്കോട് എക്സൈസ് ഡെപ്യൂട്ടി കമീഷണർ എം സുഗുണൻ ഉദ്ഘാടനംചെയ്തു. പി കെ അസീസ്, എം എം ഷൈലോഷ് കുമാർ, കെ സി മൊയ്തു, ടി രാജൻ, ഹെബിൽ മുഹമ്മദ് തുടങ്ങിയവർ സംസാരിച്ചു.



'വീട്ടുമുറ്റം നാളെയുടെ കരുതൽ' പരിപാടി ഡെപ്യൂട്ടി എക്സൈസ് കമീഷണർ എം സുഗുണൻ ഉദ്ഘാടനം ചെയ്യുന്നു

ചന്ദ്രിക

## വീട്ടുമുറ്റം പരിപാടി ശ്രദ്ധേയമാവുന്നു

ആയഞ്ചേരി: റഹ്മാനിയ ഹയർ സെക്കന്ററി സ്കൂൾ ആയഞ്ചേരി വിമുക്തി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ലഹരി വ്യാപനത്തിനെതിരെ വീട്ടുമുറ്റം പരിപാടി ശ്രദ്ധേയമാവുന്നു. ചേറ്റുകെട്ടിയിൽ നടത്തിയ പരിപാടി ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.കെ ആയിഷ ടീച്ചർ ഉദ്ഘാടനം ചെയ്തു. എക്സൈസ് ഇൻസ്പെക്ടർ കെ മുഹമ്മദ് ക്ലാസെടുത്തു. പി.ടി.എ പ്രസിഡന്റ് മുനീർ രാമത്ത് അധ്യക്ഷനായി. സബ് ഇൻസ്പെക്ടർ സന്തോഷ് കുമാർ , സമീർ കെ, പി.കെ അസിസ്, ജസീറ കെ, കെ.സി. മൊയ്തു, നാസർ കെ, ബിജിഷ് കെ, ഇല്യാസ് കെ സംബന്ധിച്ചു.



ചേറ്റുകെട്ടി വീട്ട് മുറ്റം ആയഞ്ചേരി ഗ്രാമ പഞ്ചായത്ത് വൈ. പ്രസിഡന്റ് പി.കെ ആയിഷ ടീച്ചർ ഉദ്ഘാടനം ചെയ്യുന്നു

Kozhikode Edition
Feb 17, 2025 Page No. 2
Powered by: erelego.com

# പത്രവാർത്തകൾ



ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കന്ററി സ്കൂൾ പഠനോത്സവം എക്സൈസ് ഇൻസ്പെക്ടർ ശൈലേഷ് പി.എം ഉദ്ഘാടനം ചെയ്യുന്നു

## പഠനോത്സവവും യാത്രയയപ്പും

ആയഞ്ചേരി: റഹ്മാനിയ ഹയർ സെക്കന്ററി സ്കൂളിലെ പഠനോത്സവവും പത്താംതരം വിദ്യാർത്ഥികൾക്കുള്ള യാത്രയയപ്പും എക്സൈസ് ഇൻസ്പെക്ടർ ശൈലേഷ് പി.എം ഉദ്ഘാടനം ചെയ്തു. മുനീർ രാമത്ത് അധ്യക്ഷനായി. ജയപ്രസാദ്. സി.കെ, മുജീബ് റഹ്മാൻ. സി. എം, വി.കെ കുഞ്ഞമ്മദ്, പി.കെ അസീസ്. വി. ജ്യോതി ലക്ഷ്മി, നാസർ ടി.കെ, ജസീറ കെ, സത്യൻ ടി.സി, സൻഷിദ ഇസ്മായിൽ, ഇല്ല്യാസ് കെ,സലീന എം.എം സംസാരിച്ചു. ചടങ്ങിൽ വിമുക്തി ക്ലബ്ബ് തയ്യാറാക്കിയ 'തിരുത്ത്' ഡിജിറ്റൽ മാഗസിൻ പ്രകാശനം, വൈബ് 2025 ഏകദിന ക്യാമ്പിന്റെ ലോഗോ പ്രകാശനം, രാജ്യ പുരസ്കാർ ജേതാക്കൾക്കുള്ള അനുമോദനവും നടന്നു. തുടർന്ന് വിദ്യാർത്ഥികളുടെ ഗാനമേളയും അരങ്ങേറി.

## വിമുക്തി കേഡറ്റുകൾക്ക് അനുമോദനം

കുറ്റ്യാടി| ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ സംസ്ഥാനത്ത് ആദ്യമായി വിമുക്തി ക്ലബിന് കീഴിൽ കേഡറ്റ് രൂപവത്കരിച്ച് മാതൃകയായ ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂളിനെ ഐ എൻ എൽ കുറ്റ്യാടി മണ്ഡലം കമ്മിറ്റി അഭിനന്ദിച്ചു.

കുറ്റ്യാടി മണ്ഡലം കമ്മിറ്റി ലഹരി മുക്ത വാരാചരണം നടത്തുന്നതിന്റെ ഭാഗമായാണ് ഇങ്ങനെയൊരു അനുമോദനം. അനുമോദന ചടങ്ങിൽ വിമുക്തി കൺവീനർ അസീസ് അധ്യക്ഷത വഹിച്ചു. ഹെഡ്മാസ്റ്റർ കുഞ്ഞമ്മദ് ഉദ്ഘാടനം ചെയ്തു സ്കൂളിനുള്ള സ്നേഹോപഹാരം വിമുക്തി കേഡറ്റുകളുടെയും ഹെഡ്മാസ്റ്ററുടെയും സാന്നിധ്യത്തിൽ ഐ എൻ എൽ കുറ്റ്യാടി മണ്ഡലം പ്രസിഡണ്ട് കെ കെ നൗഷാദിൽ നിന്ന് വിമുക്തി ക്ലബ്ബ് കൺവീനർ അസീസ് മാസ്റ്റർ ഏറ്റുവാങ്ങി

## പഠനോത്സവവും, യാത്രയയപ്പും

വടകര| ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂളിലെ പഠനോത്സവവും പത്താംതരം വിദ്യാർഥികൾക്കുള്ള യാത്രയയപ്പും വടകര റേഞ്ച് എക്സൈസ് ഇൻസ്പെക്ടർ ശൈലേഷ് പി എം ഉദ്ഘാടനം ചെയ്തു. മുനീർ രാമത്ത് അധ്യക്ഷത വഹിച്ചു. ജയപ്രസാദ് സി കെ, മുജീബ് റഹ്മാൻ സി എം, വി കെ കുഞ്ഞമ്മദ്, സലീന എം എം സംസാരിച്ചു. ചടങ്ങിൽ വിമുക്തി ക്ലബ്ബ് തയ്യാറാക്കിയ 'തിരുത്ത്' ഡിജിറ്റൽ മാഗസിൻ പ്രകാശനം, വൈബ്- 2025 ഏകദിന ക്യാമ്പിന്റെ ലോഗോ പ്രകാശനം നടന്നു.

## വിമുക്തി കേഡറ്റ് പദ്ധതി സമർപ്പിച്ചു

വടകര |ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ നടപ്പാക്കുന്ന വിമുക്തി കേഡറ്റ് പദ്ധതി എക്സൈസിന് സമർപ്പിച്ചതായി അധികൃതർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ലഹരിയുടെ വഴികളിൽ നിന്ന് കുട്ടികളെ അകറ്റാനായാണ് വിദ്യാലയത്തിൽ സ്കൂൾ വിമുക്തി ക്ലബ് ആരംഭിച്ചത്. ഓരോ വർഷവും എട്ടാം ക്ലാസ്സിൽ നിന്ന് തിരഞ്ഞെടുക്കുന്ന 30 കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. ഇവരെ ഉപയോഗപ്പെടുത്തി മുഴുവൻ കുട്ടികളെയും പദ്ധതിയുടെ ഭാഗമായി മാറ്റലാണ് ലക്ഷ്യം.

## ലഹരിക്കെതിരെ വിമുക്തി പദ്ധതിയുമായി റഹ്മാനിയ സ്കൂൾ

വടകര: ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കന്ററി സ്കൂൾ നടപ്പിലാക്കുന്ന വിമുക്തി കേഡറ്റ് പദ്ധതി എക്സൈസിന് സമർപ്പിച്ചതായി സ്കൂൾ അധികൃതർ അറിയിച്ചു. ലഹരിയുടെ വഴികളിൽ നിന്നും കുട്ടികളെ അകറ്റുന്നതിന് വിമുക്തി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഓരോ വർഷവും എട്ടാം ക്ലാസിൽ നിന്നും തിരഞ്ഞെടുക്കുന്ന 30 കുട്ടികൾക്ക് പരിശീലനം നൽകും. ഇവരെ ഉപയോഗപ്പെടുത്തി സ്കൂളിലെ മുഴുവൻ കുട്ടികളെയും പദ്ധതിയുടെ ഭാഗമാക്കും. ഈ വർഷം നടപ്പിലാക്കിയ പ്രവർത്തനങ്ങളും വിമുക്തി പദ്ധതി സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് സംസ്ഥാന എക്സൈസ് കമ്മീഷണർക്ക് പദ്ധതി സമർപ്പിച്ചത്. രണ്ടാം വർഷ പ്രവർത്തനങ്ങളുടെ ഭാഗമായി 'വൈബ് 2025' ഏകദിന ക്യാമ്പ് ഏപ്രിൽ 10ന് നടക്കും. തോടന്നൂർ ബ്ലോക്ക് പരിധിയിലെ ഏഴാം ക്ലാസിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ക്യാമ്പിൽ പങ്കെടുക്കാം. രജിസ്ട്രേഷന്: 9020707075. പി.കെ അസീസ്, മുനീർ രാമത്ത്, ഇല്യാസ് മാങ്ങോട്, ഇല്യാസ് കിളിയമ്മൽ തുടങ്ങിയവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു

## വിമുക്തി കേഡറ്റുകൾക്ക് എസ് എസ് എഫിന്റെ അനുമോദനം



ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ വിമുക്തി കേഡറ്റുകളെ എസ് എസ് എഫ് ആയഞ്ചേരി സെക്ടർ കമ്മിറ്റി അനുമോദിച്ചപ്പോൾ

വടകര| ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ വ്യത്യസ്ത പദ്ധതികൾ ആവിഷ്കരിച്ച് മറ്റു വിദ്യാലയങ്ങൾക്ക് മാതൃകയാകാവുന്ന തരത്തിൽ സംസ്ഥാനത്ത് ആദ്യമായി വിമുക്തി ക്ലബ്ബിന് കീഴിൽ കേഡറ്റ് രൂപവത്കരിച്ച് മാതൃകയായ ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂളിനെ എസ് എസ് എഫ് ആയഞ്ചേരി സെക്ടർ കമ്മിറ്റി അഭിനന്ദിച്ചു.

ഡ്രഗ്സ്, സൈബർ ക്രൈമുകൾക്കെതിരെ എസ് എസ് എഫ് നടത്തിവരുന്ന ക്യാമ്പയിനിന്റെ ഭാഗമായാണ് അനുമോദനം. ലഹരിക്കെതിരെയുള്ള ജാഗ്രതാ നിർദേശങ്ങൾ നടപ്പാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സ്കൂൾ പ്രധാനാധ്യാപകൻ കുഞ്ഞമ്മദ്, ഹയർസെക്കൻഡറി പ്രിൻസിപ്പാൾ ഷെറുദ്ദീൻ എന്നിവർക്ക് നൽകി. അനുമോദന ചടങ്ങിൽ വിമുക്തി കൺവീനർ അസീസ് അധ്യക്ഷത വഹിച്ചു. ഹെഡ്മാസ്റ്റർ കുഞ്ഞമ്മദ് ഉദ്ഘാടനം ചെയ്തു. എസ് എസ് എഫ് ജില്ലാ എക്സിക്യൂട്ടീവ് അംഗം മുഹമ്മദ് കമാൽ ആയഞ്ചേരി അനുമോദന ഭാഷണം നടത്തി. സ്കൂളിനുള്ള ഉപഹാരം വിമുക്തി കേഡറ്റുകളുടെയും ഹെഡ്മാസ്റ്ററുടെയും സാന്നിധ്യത്തിൽ വിമുക്തി ക്ലബ് കൺവീനർ അസീസ് ഏറ്റുവാങ്ങി. സെക്ടർ ഭാരവാഹികളായ ആശിഖ് ചെറ്റാമ്പായിൽ, ഇർഫാൻ ചേരങ്ങൈ, വിമുക്തി കേഡറ്റ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു. ഇല്യാസ് കോലാറ നന്ദി പറഞ്ഞു.

# പത്രവാർത്തകൾ



ആയഞ്ചേരി റഹ് മാനിയ ഹയർ സെക്കണ്ടറി സ്കൂൾ വിമുക്തി കേഡറ്റുകൾക്ക്വൈസ്പ്രസിഡന്റ് പി.കെ ആയിഷ ടീച്ചർ ഉപഹാരം സമ്മാനിക്കുന്നു

## കേഡറ്റുകളെ അനുമോദിച്ചു

ആയഞ്ചേരി, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് പദ്ധതികൾ ആവിഷ്കരിച്ചു മറ്റു വിദ്യാലയങ്ങൾക്ക് മാതൃകയാക്കാവുന്ന തരത്തിൽ സംസ്ഥാനത്ത് ആദ്യമായി വിമുക്തി കേഡറ്റ് പദ്ധതി നടപ്പിലാക്കിയറഹ് മാനിയ ഹയർ സെക്കണ്ടറി സ്കൂളിനെ പഞ്ചായത്ത് വൈസ്.പ്രസിഡന്റ് പി.കെ ആയിഷ ടീച്ചറുടെ നേതൃത്വത്തിൽ ജാഗ്രത സഭയിൽ അനുമോദിച്ചു. ജാഗ്രത സഭ അഡീഷണൽ എസ് പി. ടി. ശ്യാംലാൽ ഉദ്ഘാടനം ചെയ്തു. .പഹാരം കേഡറ്റ് ക്യാപ്റ്റൻ സാരംഗ് എസ് ഏറ്റുവാങ്ങി. പി ടി എ പ്രസിഡണ്ട് മുനീർ രാമത്ത്, പി കെ അസീസ്, പ്രൊജക്റ്റ് ടിം അംഗങ്ങളായ മിഥുൻ പി പി, മുഹമ്മദ് സജാദ് കെ, അനിസ ബി, നസീർ എ.ടി.കെ, മുഹമ്മദ് ഫെബിൻ, ലൈസ് പി. സംബന്ധിച്ചു

**മാധ്യമം**





ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കന്ററി സ്കൂൾ വിമുക്തി ക്ലബ്ബിന്റ ആഭിമുഖ്യത്തിൽ ഏകദിന ക്യാമ്പ് മെഡിക്കൽ ഓഫിസർ ഡോ: ചെറിയാൻ ഉദ്ഘാടനം ചെയ്യുന്നു

## ഏകദിന ക്യാമ്പ് നടത്തി

ആയഞ്ചേരി: റഹ്മാനിയ ഹയർ സെക്കന്ററി സ്കൂൾ ആയഞ്ചേരി വിമുക്തി ക്ലബ്ബിന്റ ആഭിമുഖ്യത്തിൽ വൈബ് 2025 ഏകദിന ക്യാമ്പ് നടത്തി. ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എം.എം നഷിദ ടീച്ചറുടെ അധ്യക്ഷതയിൽ മെഡിക്കൽ ഓഫിസർ ഡോ. ചെറിയാൻ ഉദ്ഘാടനം ചെയ്തു. ജിവിതമാണ് ലഹരി, ടൈം മാനേജ്മെൻറ്, ട്രോമാകെയർ തുടങ്ങിയ പരിശീലനത്തിന് യൂനുസ് മാസ്റ്റർ, ടി.കെ, സിറാജ് മാസ്റ്റർ, നൗഫൽ വി നേതൃത്വം നൽകി. ടി. മൊയ്തു, വി.കെ കുഞ്ഞമ്മദ്, സജിത്ത് വി, മുനീർ രാമത്ത്, ടി.കെ അബ്ദുൽ നാസർ, പി.കെ അസീസ്, സലീന എ, അനിസ ബി. മുർഷിദ എ, ഇല്ല്യാസ് കെ നസീർ എ.ടി.കെ, മിഥുൻ പി. പി, സാലി പി.കെ സംസാരിച്ചു.

## ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു

വടകര | ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ വിമുക്തി ക്ലബ്ബിന്റ ആഭിമുഖ്യത്തിൽ 'വൈബ് -2025' ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു. മെഡിക്കൽ ഓഫീസർ ഡോ. ചെറിയാൻ ഉദ്ഘാടനം ചെയ്തു.

തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എം എം നഷിദ അധ്യക്ഷത വഹിച്ചു. ജീവിതമാണ് ലഹരി, ടൈം മാനേജ്മെന്റ്, ട്രോമാകെയർ തുടങ്ങിയ പരിശീലനത്തിന് യൂനുസ്, ടി കെ സിറാജ്, നൗഫൽ വി എന്നിവർ നേതൃത്വം നൽകി. ടി മൊയ്തു, വി കെ കുഞ്ഞമ്മദ്, സജിത്ത് വി, മുനീർ രാമത്ത്, ടി കെ അബ്ദുന്നാസർ, പി കെ അസീസ്, സലീന എ, അനിസ ബി, മുർഷിദ എ, ഇല്ല്യാസ് കെ, നസീർ എ ടി കെ, മിഥുൻ പി പി, സാലി പി കെ സംസാരിച്ചു.





ഏകദിന ക്യാമ്പ് മെഡിക്കൽ ഓഫിസർ ഡോ. ചെറിയാൻ ഉദ്ഘാടനം ചെയ്യുന്നു

## ഏകദിന ക്യാമ്പ്

**ആയഞ്ചേരി:** റഹ് മാനിയ ഹയർ സെക്കൻഡറി സ്കൂൾ വിമുക്തി ക്ലബിന്റ ആഭിമുഖ്യത്തിൽ 'വൈബ് 2025' ഏകദിന ക്യാമ്പ് മെഡിക്കൽ ഓഫിസർ ഡോ. ചെറിയാൻ ഉദ്ഘാടനം ചെയ്തു.

തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ എം.എം. നഷിദ ടീച്ചർ അധ്യക്ഷതവഹിച്ചു. ടി. മൊയ്തു, വി.കെ. കുഞ്ഞമ്മദ്, വി. സജിത്ത്, മുനീർ രാമത്ത്, ടി.കെ. അബ്ദുൽ നാസർ, പി.കെ. അസീസ്, എ. സലീന, ബി. അനീസ, എ. മുർഷിദ, കെ. ഇല്യാസ്, എ.ടി.കെ. നസീർ, പി.പി. മിഥുൻ, പി.കെ. സാലി തുടങ്ങിയവർ സംസാരിച്ചു.

യൂനുസ് മാസ്റ്റർ, ടി.കെ. സിറാജ് മാസ്റ്റർ, വി. നൗഫൽ എന്നിവർ നേതൃത്വം നൽകി.

## ജാഗ്രതാ സഭ

വടകര | ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ വിമുക്തി ക്ലബ്ബിന്റ ആഭിമുഖ്യത്തിൽ ജാഗ്രതാ സഭ നടത്തി. അഡീഷനൽ എസ് പി ടി ശ്യാംലാൽ ഉദ്ഘാടനം ചെയ്തു. ആയഞ്ചേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി കെ ആഇശ ടീച്ചർ അധ്യക്ഷത വഹിച്ചു. പി. ടി എ, എസ് എം സി, [illegible], പ്രാദേശിക സാമൂഹിക, രാഷ്ട്രീയ, പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു.

# പത്രവാർത്തകൾ

മാധ്യമം



അസീസ് മാഷ് വിമുക്തി കാഡറ്റുകൾക്കൊപ്പം

## ലഹരിക്കെതിരെ പുതുവഴി വെട്ടുകയാണ് അസീസ് മാഷ്

കൂരാച്ചുണ്ട്: നാട്ടിലും വിദ്യാലയത്തിലും ലഹരി ബോധവത്കരണത്തിന്റെ പുതുവഴിയൊരുക്കുകയാണ് കൂരാച്ചുണ്ട് പൂവത്തുംചോല സ്വദേശിയും ആയഞ്ചേരി റഹ്മാനിയ ഹയർസെക്കൻഡറി സ്കൂളിലെ അധ്യാപകനുമായ പി.കെ. അസീസ് മാസ്റ്റർ. [illegible]

മാതൃഭൂമി Mathrubhumi

# ലഹരിക്കെതിരേ

## വേറിട്ട വഴിയുമായി അസീസ്

**ഇന്ന് ലോക ലഹരിവിരുദ്ധദിനം**

കൂരാച്ചുണ്ട്• ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ മാതൃകാപരമായികം ആവിഷ്കരിച്ച് വേറിട്ട വഴി തീർക്കുകയാണ് ആയഞ്ചേരി റഹ്മാനിയ സ്കൂൾ അധ്യാപകനും കൂരാച്ചുണ്ട് പൂവത്തുംചോല സ്വദേശിയുമായ അസീസ്. ഒരു അധ്യയനവർഷം മുഴുവൻ ആകർഷകമായ ഒട്ടേറെ ബോധവത്കരണ പരിപാടികളും കോർത്തിണക്കിയുള്ള പ്രവർത്തനമാണ് സ്കൂളിലെ വിമുക്തി ക്ലബ്ബ് കോഡിനേറ്ററുകൂടിയായ പി.കെ. അസീസിനെ ശ്രദ്ധേയനാക്കുന്നത്.

ഓരോ വർഷവും എട്ടാം ക്ലാസിലെ തിരഞ്ഞെടുത്ത 24 വിദ്യാർഥികൾക്ക് ലഹരിപ്രതിരോധത്തിന് ആവശ്യമായ പരിശീലനങ്ങൾ നൽകി മൂന്നുവർഷംകൊണ്ട് പ്രവർത്തനസജ്ജമാക്കുന്ന രീതിയാണ് നിലവിലുള്ളത്. മൂന്നുവർഷംകൊണ്ട് ഹൈസ്കൂൾ തലത്തിൽ 72 കുട്ടികളെ ലഹരിക്കെതിരെ പ്രവർത്തിക്കുന്ന സേവകരായി മാറ്റും.

കേരളത്തിൽ ആദ്യമായി രൂപവത്കരിച്ച ഏക യൂണിഫോം വിമുക്തി കെഡറ്റുകളാണ് റഹ്മാനിയ സ്കൂളിലേത്. വിവിധ വിഷയങ്ങളെ ആസ്പദമാക്കി 'ജീവിതമാണ് ലഹരി', 'വിടരും മുമ്പേ വാടാതിരിക്കാൻ', 'നമ്മളിലൂടെ പരിഹാരം', 'വൈബ്@2025' തുടങ്ങിയ ഏകദിന ക്യാമ്പുകൾ, കുടുംബത്തോടൊപ്പം ലഹരിവിരുദ്ധപ്രതിജ്ഞ, ആഘോഷങ്ങളിൽ ജാഗ്രത, കവലപ്രതിജ്ഞ, ജനജാഗ്രതാസഭ, ഗ്രാമസഞ്ചാരം, സ്കൂൾ കോമ്പൗണ്ടിലും മറ്റും സൂചനാബോർഡുകൾ സ്ഥാപിക്കൽ തുടങ്ങി ലഹരിക്കെതിരേയുള്ള തുടർപ്രവർത്തനങ്ങളുമായി അസീസിന്റെ നേതൃത്വത്തിൽ വിമുക്തി ക്ലബ്ബ് മുന്നോട്ടുപോവുകയാണ്. സ്കൂളിന്റെ ലഹരിവിരുദ്ധപ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ അസീസിന് അഭിനന്ദനങ്ങളും ആശംസകളുമറിയിച്ച് കത്തയച്ചിരുന്നു.



പി.കെ. അസീസ് ആയഞ്ചേരി റഹ്മാനിയ സ്കൂളിലെ വിമുക്തി ക്ലബ്ബ് അംഗങ്ങൾക്കൊപ്പം

മാധ്യമം




*വിമുക്തി കാഡറ്റ് അംഗങ്ങൾക്ക് എക്സൈസ് ഇൻസ്പെക്ടർ അനുശ്രീ ബാഡ്ജ് നൽകുന്നു*

## വിമുക്തി കാഡറ്റുകൾക്ക് ബാഡ്ജ് നൽകി

**ആയഞ്ചേരി:** റഹ്മാനിയ ഹയർസെക്കൻഡറി സ്കൂൾ ആയഞ്ചേരി ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് ക്ലാസ് തല ചിത്രരചന മത്സരം, കൊളാഷ് പ്രദർശനം, ബോധവത്കരണ ചിത്രീകരണം, സ്കൗട്ട് ആൻഡ് ഗൈഡ്, ജെ.ആർ.സി, ലിറ്റിൽ കൈറ്റ്സ്, വിമുക്തി ക്ലബ് അംഗങ്ങൾക്ക് പ്രത്യേക ബോധവത്കരണം നടത്തി. 2 മില്യൺ പ്ലഡ്ജിന്റെ ഭാഗമായ ക്ലാസ് തല പ്രതിജ്ഞയും നടത്തി. എക്സൈസ് ഇൻസ്പെക്ടർ അനുശ്രീ ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡന്റ് മുനീർ രാമത്ത് അധ്യക്ഷതവഹിച്ചു. പാതിയ വിമുക്തി കാഡറ്റുകൾക്ക് ജ്യോതി ലക്ഷ്മി ടീച്ചർ പ്രതിജ്ഞ വാചകം ചൊല്ലിക്കൊടുത്തു. 2024-25 വർഷത്തിലെ പ്രവർത്തന മികവിനുള്ള ബാഡ്ജ് 11 കുട്ടികൾക്ക് എക്സൈസ് ഇൻസ്പെക്ടർ നൽകി. ചടങ്ങിൽ പോസിറ്റിവ് പാരന്റിങ് പരിശീലന ഉദ്ഘാടനം നിർവഹിച്ചു. പി.കെ. അസീസ് സ്വാഗതം പറഞ്ഞു.പി.ടി.എ ഭാരവാഹികളായ കെ.സി. മൊയ്തു, വിജീഷ്, പ്രജില, ആയിഷ, സൻഷിത, അധ്യാപകരായ കെ. ഇല്യാസ്, എ.ടി.കെ. നസീർ, പി.പി. റജീഷ്, എം.എം. സലീന. അമീറ എന്നിവർ സംബന്ധിച്ചു.

## ലഹരിക്കെതിരെ വേറിട്ട വഴിയിൽ ആയഞ്ചേരി റഹ്മാനിയ സ്കൂൾ

വടകര● ലഹരിക്കെതിരെ വ്യത്യസ്ത വഴികൾ തേടുകയാണ് ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ. വിമുക്തി എന്ന പേരിൽ ക്ലബ് രൂപീകരിക്കുകയും പ്രത്യേക യൂണിഫോം നൽകി കെഡറ്റുകളെ പരിശീലിപ്പിക്കുകയും വിവിധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തതിന് മുഖ്യമന്ത്രിയുടെ പ്രശംസാ പത്രം ലഭിച്ചതിന്റെ സന്തോഷത്തിലാണ് അധ്യാപകരും വിദ്യാർഥികളും.

വിമുക്തി കെഡറ്റുകളെ അണിനിരത്തി വീട്ടുമുറ്റം, കുടുംബസംഗമം, ഫാമിലി പ്രതിജ്ഞ, ജനജാഗ്രത സഭ, ഗ്രാമ സഞ്ചാരം, കവല പ്രതിജ്ഞ, ജീവിതമാണ് ലഹരി, വിടരും മുൻപേ വാടാതിരിക്കാൻ, വൈബ് @ 2025, വിവിധ ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചു. അധ്യാപകൻ പി.കെ. അസീസിന്റെ നേതൃത്വത്തിലാണ് വിമുക്തി ക്ലബ്ബിന്റെ പ്രവർത്തനം.

# പത്രവാർത്തകൾ

വീക്ഷണം
VEEKSHANAM MALAYALAM DAILY . SINCE 1976

## ഇന്ന് അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം

# ലഹരിക്കെതിരെ പുതുതലമുറയെ വാർത്തെടുത്ത് അസീസ് മാസ്റ്റർ

രഘുനാഥ് പുറ്റാട്

പേരാമ്പ്ര: നമ്മുടെ ബാല്യവും, കൗമാരവും,യൗവനവും എല്ലാം തന്നെ മാരക ലഹരി വസ്തുക്കൾക്ക് അടിമപ്പെടുന്ന ഭീതിതമായൊരു സഹചര്യത്തിൽ ലഹരി ബോധവൽക്കരണത്തിന്റെ വ്യത്യസ്ത വഴികളൊരുക്കി ഒരു അധ്യാപകൻ ശ്രദ്ധേയനാവുന്നു.

പുതുതലമുറയെ ലഹരിക്കെതിരായി വാർത്തെടുത്ത് നാളെയെ ലഹരി വിമുക്തമാക്കുകയാണ് ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കണ്ടറി സ്കൂളിലെ അധ്യാപകൻ പി.കെ. അസീസ്. ഉപദേശവും ശകാരവുമില്ലാതെ ലഹരിയുടെ വഴിയിൽ നിന്ന് കുട്ടികളെ അകറ്റാൻ കേരളത്തിലെ ആദ്യത്തെ യൂണിഫോം വിമുക്തി കേഡറ്റുകൾ റഹ്മാനിയ ഹയർ സെക്കണ്ടറി സ്കൂളിൽ പിറവിയെടുത്തത് ഈ അധ്യാപകന്റെ ലഹരിക്കെതിരെയുള്ള നന്മ മനസിലൂടെയായിരുന്നു. എട്ടാം ക്ലാസിൽ പഠിക്കുന്ന തിരഞ്ഞെടുത്ത 24 അംഗ വിമുക്തി കേഡറ്റുകൾക്ക് ലഹരി പ്രതിരോധത്തിന് ആവശ്യമായ പരിശീലനങ്ങൾ നൽകി മൂന്ന് വർഷം കൊണ്ട് പ്രവർത്തന സജ്ജമാക്കുക എന്ന രീതിയാണ് ഇതിന് നിലവിലുള്ളത്. ലഹരി, വിടരും മുൻപേ വാടാതിരിക്കാൻ . നമ്മളിലൂടെ പരിഹാരം, [illegible] 2025, തുടങ്ങിയ ക്യാമ്പുകൾ നടത്തി കേഡറ്റുകളുടെ വീട്ടുമുറ്റം കേന്ദ്രീകരിച്ചും, ഗ്രാമ സഞ്ചാരം, കവല പ്രതിജ്ഞ, ലഹരിവിരുദ്ധ ക്ലാസ് റൂം പഠനങ്ങളും ക്ലബ് കോ ഓർഡിനേറ്ററായ അസീസ് മാസ്റ്ററുടെ നേതൃത്വത്തിലാണ് നടത്തി വരുന്നത്. ഈ വർഷം യൂണിഫോം ധരിച്ച 24 കുട്ടികൾക്ക് അംഗത്വം കൊടുക്കും. 3 x 5 ഇഞ്ചിൽ വിമുക്തി എംബ്ലം, ലൈറ്റ് കാക്കി കളറിൽ പാന്റും ഷർട്ടും, നീല തൊപ്പി, ബ്ലാക്ക് ഷൂ ഇതാണ് കേഡറ്റുകളുടെ യൂണിഫോം.

മൂന്ന് വർഷം കൊണ്ട് 72 കുട്ടികൾക്ക് വ്യത്യസ്ത മേഖലയിൽ പരിശീലനം നൽകി സമൂഹത്തിലേക്ക് ഇറക്കുന്നു. ഓരോ വർഷവും മികവ് പുലർത്തുന്ന കുട്ടികൾക്ക് ബാഡ്ജ് നൽകുന്ന പതിവും ഇവിടുണ്ടെന്ന് അസീസ് മാസ്റ്റർ വിവരിക്കുന്നു. ഈ വർഷം രാസലഹരിക്കെതിരെയുള്ള ബോധവൽക്കരണമാണ് ലക്ഷ്യം വെക്കുന്നത്.



ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂളിലെ യൂണിഫോം വിമുക്തി കേഡറ്റുകളോടൊപ്പം പി.കെ അസീസ് മാസ്റ്റർ

കൂടാതെ ജനജാഗ്രത സഭ എന്ന പേരിൽ രാഷ്ട്രീയ സാമൂഹ്യ സംഘടനാ വ്യക്തികളെ വിളിച്ചു കൂട്ടി ലഹരിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിലും ഈ അധ്യാപകൻ വഹിക്കുന്ന പങ്ക് വളരെ വിലപ്പെട്ടതാണ്. ജന്മനാട്ടിൽ ജാഗ്രതാ സമിതിയുണ്ടാക്കി വാർഡ് തലത്തിൽ ലഹരിക്കെതിരെയുള്ള പോരാട്ടത്തിന്റെ കനലുള്ള വിത്തു വിതയ്ക്കാനും ഇദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്.

ഈ വർഷം മുതൽ വിപുലമായ രീതിയിലുള്ള ചർച്ചാ സംഗമങ്ങൾ സംഘടിപ്പിക്കാൻ തയ്യാറെടുത്തതായും അദ്ദേഹം പറഞ്ഞു. ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ ഓരോ കേഡറ്റുകളുടെയും വീട്ടിൽ ഫാമിലി പ്രതിജ്ഞ എടുക്കുമ്പോൾ മനസിന് വല്ലാത്ത സന്തോഷം ലഭിക്കാറുണ്ടെന്നും അസീസ് മാസ്റ്റർ പങ്കുവെച്ചു. പരിശീലനത്തിലൂടെ ലഹരിക്കെതിരെ പാകപ്പെടുത്തിയെടുക്കുന്ന കേഡറ്റുകൾ ഭാവിയിൽ ഇതിൽ നിന്നും വ്യതിചലിച്ചു പോകാതിരിക്കാനുള്ള പരിഹാരമായി പരിസ്ഥിതി വിഷയങ്ങളും ആസൂത്രണം ചെയ്യാറുണ്ട്. കൂടാതെ പ്ലാസ്റ്റിക് നിർമാർജനം, ദുരന്തങ്ങളെ അഭിമുഖീകരിക്കാനുള്ള കോച്ചിങ് തുടങ്ങിയവ സംഘടിപ്പിക്കുന്നതിനും ജാഗ്രത പുലർത്തി കൊണ്ട് തന്നെ ഇവർക്ക് പിന്നാലെ അസീസ് മാസ്റ്ററുടെ ശ്രദ്ധയും സഞ്ചരിക്കാറുണ്ട്.

ലഹരിക്കെതിരെയുള്ള പ്രവർത്തന മികവിൽ മുഖ്യമന്ത്രിയുടെ അഭിനന്ദന പത്രം, പിടിഎ അവാർഡ്, കൂടാതെ പ്രദേശികമായി നാട്ടിൽ നിന്നും നിരവധി അനുമോദനങ്ങളും ഈ അധ്യാപകന് ഇതിനകം ലഭിച്ചിട്ടുണ്ട്. പോലീസ്, എക്സൈസ് ഡിപ്പാർട്ടുമെന്റുകളുടെയും, സ്വന്തം കുടുംബത്തിന്റെയും, നാട്ടുകാരുടെയും പരിപൂർണ്ണ പിന്തുണയും ഈ വിപത്തിനെതിരെയുള്ള പ്രവർത്തനങ്ങളിൽ തനിക്ക് ലഭിക്കുന്നുണ്ടെന്നും കുറാച്ചുണ്ട് സ്വദേശിയായ പികെ അസീസ് സാക്ഷ്യപ്പെടുത്തുന്നു.

